ദി ഡിഫെൻഡർ

Vol. No. 11 Issue No. 4 RNI Reg. No. 68089 / 97 Published From Perumbavoor 2008 February 16 Price: Rs.100/- P.A.

# ഇൻർനെറ്റ് കേസ്സ് ശിക്ഷാവിധി ഹൈക്കോടതി സ്റ്റേ ചെയ്തു

ഇന്റർനെറ്റ് കേസ്സിൽ പത്തനംതിട്ട സി.ജെ.എം. കോടതി, ഫാസ്റ്റ്ട്രാക്ക് രണ്ടാം കോടതി എന്നിവിടങ്ങളിൽ നിന്നുണ്ടായ വിധികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തു. കേസ്സിലെ പ്രതികളായ റ്റി.എസ്.ബാലനും അനീഷും നൽകിയ റിവിഷൻ ഹർജി ഫയലിൽ സ്വീകരിച്ചുകൊണ്ടാണ് ഹൈകോടതി ഈ ഉത്തരവു പുറപ്പെടുവിച്ചത്.

2002 ഏപ്രിൽ 22ന് ഉത്ഭവിച്ച ഈ കേസ്സിൽ പത്തനംതിട്ട സി.ജെ.എം. കോടതി പ്രതികളെ കുറ്റക്കാരെന്നു വിധിക്കയും വിവിധ വകുപ്പുകളിലായി ഏഴു വർഷത്തോളം നീളുന്ന ശിക്ഷ വിധിക്കയും ചെയ്തിരുന്നു. ഇതിനെതിരെ പ്രതികൾ നൽകിയ അപ്പീൽ ഭാഗീകമായി അനുവദിച്ചുകൊണ്ട് പത്തനംതിട്ട ജില്ലാ ഫാസ്റ്റ് ട്രാക്ക് (രണ്ട്) കോടതി കഴിഞ്ഞമാസം ഉത്തരവിടുകയും ചെയ്തു. തങ്ങൾക്കു നീതി ലഭിച്ചിട്ടില്ലാത്തതിനാൽ ഈ വിധി പുന:പരിശോധിക്കണമെന്നപേക്ഷിച്ചുകൊണ്ട് പ്രതികൾ നൽകിയ ഹർജി ഹൈക്കോടതി ഫയലിൽ സ്വീകരിക്കയും പ്രതികൾക്ക് ജാമ്യം അനുവദിക്കയുമായിരുന്നു.

റ്റി.എസ്.ബാലനും മകനും കുറേക്കാലമായി ജയിലിലാണെന്ന് വിശ്വസിക്കുന്നവരുണ്ട്. ജില്ലാ കോടതിയുടെ വിധിയോടെ ജയിൽശിക്ഷ ഉറപ്പാണെന്ന് മോനായിയേപ്പോലുള്ള ചിലർ പ്രചരിപ്പിച്ചു. പക്ഷേ ഇവരുടെയൊക്കെ പ്രതീക്ഷകൾ അസ്ഥാനത്തായി. ഹൈക്കോടതി, സുപ്രീം കോടതി എന്നിങ്ങനെ രണ്ടു കോടതികൾ കൂടി റ്റി.എസ്.ബാലനേയും മകനേയും കുറ്റവാളികളെന്നു വിധിച്ചാൽ മാത്രമേ ബാലനും മകനും കുറ്റവാളികളാകൂ. പക്ഷേ ഹൈക്കോടതിയിലേയും സുപ്രീം കോടതിയിലേയും ജഡ്ജിമാർക്ക് കമ്പ്യൂട്ടർ നന്നായി അറിയാം. അതുകൊണ്ട് റ്റി.എസ്.ബാലനേയും മകനേയും കുറ്റവാളികളാക്കാൻ റ്റി.എസ്.ഏബ്രഹാമും കൂട്ടരും എന്തൊക്കെ കൃത്രിമങ്ങളാണ് നടത്തിയതെന്ന വസ്തുത പുറത്തുവരും. അതോടെ പ്രതികളുടെ നിരപരാധിത്വം കോടതിക്ക് ബോദ്ധ്യമാകുകയും ചെയ്യും.

റ്റി.എസ്.ഏബ്രഹാമിന്റെയും മകനായ വൽസൻ ഏബ്രഹാമിന്റെയും നേതൃത്വത്തിൽ നടന്നുവരുന്ന ഇന്ത്യാ ബൈബിൾ കോളേജിൽ പഠിച്ചിരുന്ന ഒരു കുളത്തൂപ്പുഴക്കാരിയെ റ്റി.എസ്.ഏബ്രഹാം ബംഗ്ലാവ് ഡ്യൂട്ടിക്കെന്നു പറഞ്ഞു വിളിച്ച് വ്യഭിചരിച്ച് ഗർഭിണിയാക്കിയത് വിവാദമായതു മുതലാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. ഐ.പി.സിയുടെ രഹസ്യം എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഈ അരമനരഹസ്യം റ്റി.എസ്.ബാലൻ ഡിഫെൻഡറിലൂടെ പുറത്താക്കി. അതോടെ റ്റി.എസ്.ഏബ്രഹാമും ശിങ്കിടികളും ബാലനെതിരെ തിരിഞ്ഞു. ബാലനെ ഒതുക്കാനും ഡിഫെൻഡർ പൂട്ടിക്കാനുമായി പല തന്ത്രങ്ങളും റ്റി.എസ്. ഏബ്രഹാം പയറ്റി. സുവിശേഷ ഘോഷണത്തിനെന്നു പറഞ്ഞ് പിരിച്ചെടുത്ത കോടിക്കണക്കിനു രൂപ കൈവശമുള്ളതുകൊണ്ട് അത്താഴപ്പട്ടിണിക്കാരനായ ബാലനെ പലവിധത്തിലും ദ്രോഹിക്കാൻ റ്റി.എസ്.ഏബ്രഹാമിന് കഴിഞ്ഞു. പക്ഷേ ബാലൻ തോറ്റില്ല. ഡിഫെൻഡർ പൂർവ്വാധികം ശക്തിയോടെ മുന്നേറുകയും ചെയ്തു.

റ്റി.എസ്.ഏബ്രഹാമിന്റെ ഓഫീസിൽ കമ്പ്യൂട്ടർ വിഭാഗത്തിൽ ജോലിചെയ്തിരുന്ന ഒരാൾ 2001ൽ പിണങ്ങിപിരിഞ്ഞതു മുതൽ റ്റി.എസ്. ഏബ്രഹാമിനെയും കുടുംബാംഗങ്ങളേയും അവഹേളിക്കുന്ന ചില ഈമെയിലുകൾ പ്രചരിക്കാൻ തുടങ്ങി. ഇയാൾക്കെതിരെ റ്റി.എസ്.ഏബ്രഹാം പോലീസിന് പരാതി നൽകുകയും ചെയ്തു. എന്നാൽ ഇയാളുടെ മാതാപിതാക്കൾ റ്റി.എസ്. ഏബ്രഹാമിന്റെ കാലുപിടിച്ച് മകനെ കേസ്സിൽ നിന്ന് രക്ഷിച്ചു. അതോടെയാണ് ഈ കേസ്സ് റ്റി.എസ്.ബാലനെതിരെ തിരിച്ചുവിടാൻ റ്റി.എസ്.ഏബ്രഹാമിനും കൂട്ടർക്കും തോന്നിയത്. ശ്രീജു എന്നൊരു കമ്പ്യൂട്ടർ വിദഗ്ദ്ധന്റെ സഹായത്തോടെ കുറെ വ്യാജ തെളിവുകളും ഉണ്ടാക്കി. പണവും രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് ബാലനെയും മകനേയും കള്ളക്കേസ്സിൽ കുടുക്കാനും അവർക്കു കഴിഞ്ഞു.

# വൽസന്റെ കാഹളം ഊത്ത് നിർത്തി

ഐ.പി.സി ജനറൽ സെക്രട്ടറിയായ വൽസൻ ഏബ്രഹാം ചിലരെ ബിനാമികളാക്കി നടത്തി വന്നിരുന്ന ''ട്രമ്പറ്റ് കാഹളം'' എന്ന മാസിക പൂട്ടിക്കെട്ടി. ഇപ്പോൾ റിവൈവ് എന്ന പേരിൽ മറ്റൊരു മാസിക ആരംഭിച്ചിട്ടുണ്ട്.

ഐ.പി.സിയുടെ വകയായി സീയോൻ കാഹളം എന്നൊരു മാസിക കെ.ഇ.ഏബ്രഹാമിന്റെ കാലം മുതൽ നടന്നുവന്നിരുന്നു. അത് തട്ടിയെടുക്കാൻ റ്റി.എസ്.ഏബ്രഹാമും വൽസനും നടത്തിയ ശ്രമം പരാജയപ്പെട്ടപ്പോഴാണ് ''ട്രമ്പറ്റ് കാഹളം'' എന്ന പേരിൽ ഒരു മാസിക 15 കൊല്ലം മുൻപ് പ്രസിദ്ധീകരണം ആരംഭിച്ചത്. സീയോൻ കാഹളമാണിതെന്ന് ജനത്തെ തെറ്റിദ്ധരിപ്പിക്കാനാണ് സാമ്യമുള്ള പേര് സ്വീകരിച്ചത്.

മാസം തോറും 5500 കോപ്പികൾ പ്രസിദ്ധീകരിച്ചുവന്ന ഈ മാസിക നിയമക്കുരുക്കിലായത് ഏതാനും മാസം മുൻപാണ്. കാഹളം എന്ന പേരിൽ ഒരു പ്രസിദ്ധീകരണം എറണാകുളത്തുണ്ടെന്നും ട്രമ്പറ്റ് എന്ന പേര് ആർക്കും നൽകിയിട്ടില്ലെന്നും റ്റി.എസ്.ബാലൻ അന്വേഷിച്ചറിഞ്ഞു. ഉടൻ തന്നെ റ്റി.എസ്.ബാലൻ ആർ.എൻ.ഐക്ക് അപേക്ഷ നൽകി ട്രമ്പറ്റ് എന്ന ടൈറ്റിൽ സ്വന്തമാക്കി. അതോടെ ''ട്രമ്പറ്റ് കാഹളം'' എന്ന പേരിൽ മാസികയിറക്കാനുള്ള അവകാശം റ്റി.എസ്.ഏബ്രഹാമിനും വൽസനും ഇല്ലാതായി.

രജിസ്ട്രേഷനില്ലാത്ത പത്രം സൗജന്യ നിരക്കിൽ പോസ്റ്റ് ചെയ്യാൻ കഴിയുന്നതല്ല. പക്ഷേ കഴിഞ്ഞ പതിനഞ്ചു കൊല്ലമായി ''ട്രമ്പറ്റ് കാഹളം'' സൗജന്യ നിരക്കിലാണ് പോസ്റ്റ് ചെയ്തിരുന്നത്. ഇന്നത്തെ നിരക്കനുസരിച്ച് 40,000 രൂപയിലധികം സർക്കാരിന് പ്രതിമാസം നഷ്ടം വന്നുകൊണ്ടിരുന്നു. (ആകെനഷ്ടം അരക്കോടിയിലധികം രൂപ.) സർക്കാരിനെ കബളിപ്പിച്ച് വൽസൻ പത്രം ഇറക്കുന്നതും പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന് ലക്ഷങ്ങളുടെ നഷ്ടമുണ്ടാക്കുന്നതും ചൂണ്ടിക്കാട്ടി റ്റി.എസ്. ബാലൻ സർക്കാരിന് പരാതി നൽകിയിട്ടുണ്ട്. ഈ വിവരം അറിഞ്ഞതോടെ വൽസൻ ''ട്രമ്പറ്റ് കാഹ ളം'' എന്ന വ്യാജമാസികയുടെ പ്രസിദ്ധീകരണം നിർത്തി. സ്വന്തം മഹത്വം മാലോകരെ അറിയിക്കാൻ വൽസന് മാസിക കൂടിയേകഴിയൂ. മറ്റൊരു മാസിക രജിസ്റ്റർ ചെയ്യുകയാണ് പോംവഴി. അങ്ങനെ റിവൈവ് എന്ന പേരിൽ ഇംഗ്ലീഷിലും മലയാളത്തിലും ടൈറ്റിൽ നേടിയെടുത്തു. വൽസന്റെ അളിയനായ ലൂക്കാണ് ഉടമസ്ഥൻ. കുമ്പനാട് കൺവെൻഷന് റിവൈവ് വെളിച്ചം കാണുകയും ചെയ്തു. പക്ഷേ അരക്കോടിയിലധികം രൂപ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിനെ കബളിപ്പിച്ച കേസ്സ് ഇതോടെ അവസാനിച്ചെന്ന് വൽസനും കൂട്ടരും കരുതേണ്ടതില്ല.

# വരുന്നൂ പഴയനിയമത്തിൽ നിന്നും നൂറു പ്രസംഗങ്ങൾ

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ, പുതിയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ എന്നീ സി.ഡി പരമ്പരകൾ ദൈവമക്കൾക്ക് ഏറെ പ്രയോജനം ചെയ്തു എന്നു കാണുന്നതിനാൽ ''പഴയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ'' എന്നൊരു സി.ഡി പരമ്പര ഈ വർഷം പുറത്തിറക്കാൻ റ്റി.എസ്.ബാലൻ പദ്ധതിയിടുന്നു. ഏകദേശം ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള 100 പ്രസംഗങ്ങൾ എം.പി.3 ഫോർമാറ്റിൽ 10 സിഡികളിലാക്കി വിതരണം ചെയ്യാനാണ് പദ്ധതി.

പഴയനിയമം പുതിയനിയമത്തിന്റെ നിഴലാണെന്നത് ശരിയാണെങ്കിലും ഒട്ടേറെ അർത്ഥശൂന്യമായ വ്യാഖ്യാനങ്ങൾ ദൈവസഭയിൽ പ്രചാരത്തിലുണ്ട്. ഉദാഹരണമായി, യിസ്ഹാക് കർത്താവാണെന്നും റിബേക്ക സഭയാണെന്നും അബ്രഹാമിന്റെ ദാസൻ പരിശുദ്ധാത്മാവാണെന്നും വ്യാഖ്യാനിക്കുന്നത് എന്തടിസ്ഥാനത്തിലാണ്? ദാവീദ് അഞ്ചു കല്ലെടുത്ത സംഭവം വ്യാഖ്യാനിക്കുന്നതു കേട്ടാൽ സുബോധമുള്ളവർ പൊട്ടിച്ചിരിക്കും. കല്ല് മിനുസമുള്ളതായതെങ്ങനെയെന്നുവരെ ചിലർ വ്യാഖ്യാനിച്ചുകളയും. പഴയനിയമത്തിലെ ചട്ടങ്ങളും വിധികളും വാഗ്ദത്തങ്ങളും മറ്റും ദൈവസഭക്കുള്ളതാണെന്നമട്ടിൽ വ്യാഖ്യാനിക്കുന്നതും ഗൗരവമുള്ള പ്രശ്നംതന്നെ. ഇത്തരം ദുർവ്യാഖ്യാനങ്ങളുടെ പൊള്ളത്തരങ്ങൾ ചൂണ്ടിക്കാട്ടുകയും പഴയനിയമം ശരിയായി വ്യാഖ്യാനിക്കേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കയുമാണ് ഈ സി.ഡി പരമ്പരയുടെ ഉദ്ദേശ്യം.

ഈ പദ്ധതി പ്രാരംഭ ഘട്ടത്തിലാകയാൽ ഏതൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടില്ല. ഉൾപ്പെടുത്തേണ്ട വിഷയങ്ങളെ സംബന്ധിച്ച് വായനക്കാരുടെ നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. നിർദ്ദേശങ്ങൾ നൽകുന്നതിനും ഈ സി.ഡി പരമ്പര സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 0484-3232356. Mob: 9447414608

# ഡിഫെൻഡറിന്റെ എഡിറ്ററെ സി.പി.മോനായി നാടുകടത്തി

ഡിഫെൻഡറിന്റെ എഡിറ്ററും ഉടമസ്ഥനുമായ അനീഷ് ബാലനെ സി.പി.മോനായി നാടുകടത്തി. കേട്ടാൽ വിശ്വാസം വരാത്ത വാർത്തയാണിതെങ്കിലും സംഗതി സത്യമാണ്.

റ്റി.എസ്.ബാലനാണ് ഡിഫെൻഡർ ആരംഭിച്ചതെങ്കിലും ആരോഗ്യപരമായ കാരണങ്ങളാൽ ഡിഫെൻഡറിന്റെ എല്ലാ ഔദ്യോഗിക ചുമതലകളും ഏതാനും വർഷം മുൻപ് അനീഷ് ബാലന് കൈമാറി. (റ്റി.എസ്.ബാലന്റെ രണ്ടാമത്തെ മകനാണ് അനീഷ്). നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ എറണാകുളം കലക്ട്രേറ്റിൽ പൂർത്തിയാക്കിയാണ് ഉടമസ്ഥാവകാശമുൾപ്പെടെയുള്ള എല്ലാ പദവികളും കൈമാറ്റം ചെയ്തത്. പക്ഷേ റ്റി.എസ്.ബാലനെ കുരുക്കാനുള്ള പഴുത് അന്വേഷിച്ചു നടക്കുന്ന പലർക്കും ഈ കാര്യങ്ങൾ ഇഷ്ടമായില്ല. എങ്കിലും നിയമവിരുദ്ധമായി ഒന്നും ഡിഫെൻഡർ ചെയ്യാത്തതുകൊണ്ട് ബാലനെ വട്ടംകറക്കാൻ കഴിയുന്നുമില്ലെന്നുമാത്രം.



സി.പി.മോനായി

നേരേയുള്ള വഴിയിലൂടെ ബാലനെ ഒതുക്കാൻ പറ്റില്ലെന്നു വ്യക്തമായപ്പോൾ പച്ചക്കള്ളം പറഞ്ഞ് ബാലനെ അവഹേളിക്കാനായി ശ്രമം. ബാലനെ സഭയിൽ നിന്നു പുറത്താക്കിയെന്ന് മോനായി പച്ചക്കള്ളം എഴുതിവിട്ടു. അതിനെതിരെ ബാലൻ വക്കീൽ നോട്ടീസയച്ചു. കളി കാര്യമാകുമെന്നുറപ്പായപ്പോൾ മറ്റൊരു അടവെടുത്തു. ബാലനെ പുറത്താക്കിയിട്ടില്ലെന്ന് പെരുമ്പാവൂർ ശാരോന്റെ പാസ്റ്ററായ ഏബ്രഹാം ജോസഫ് മോനായിയെ അറിയിച്ചെന്ന കള്ളം എഴുതി. താൻ മോനായിക്ക് അപ്രകാരം ഒരു കത്തയച്ചിട്ടില്ലെന്ന് പാസ്റ്റർ ഏബ്രഹാം ജോസഫ് വ്യക്തമാക്കിയതോടെ മോനായി വീണ്ടും വെട്ടിലായി. ഇപ്പോഴിതാ നട്ടാൽ കുരുക്കാത്ത മറ്റൊരു കള്ളവുമായി വീണ്ടും മോനായി രംഗത്തെത്തിയിരിക്കുന്നു. ഡിഫെൻഡറിന്റെ എഡിറ്ററായ അനീഷ് ബാലൻ കഴിഞ്ഞ ആറു മാസമായി വിദേശത്താണെന്ന് മോനായി കോടതിയിൽ സത്യവാങ്മൂലം കൊടുത്തിരിക്കുന്നു. അനീഷ് ബാലന് പാസ്പോർട്ടുപോലുമില്ലെന്ന വസ്തുത കണ്ടില്ലെന്നു നടിച്ചുകൊണ്ടാണ് മോനായി ഈ വിശുദ്ധ ഭോഷ്ക്ക് എഴുന്നെള്ളിച്ചിരിക്കുന്നത്. പാസ്പോർട്ടുപോലുമില്ലാത്ത അനീഷ് എങ്ങനെ വിദേശത്തുപോകും? (അതിനുള്ള ഉത്തരം മോനായി പറയട്ടെ.) ഒത്താൽ ഒക്കട്ടെ എന്നു കരുതി ശുദ്ധ ഭോഷ്ക്ക് എഴുതിവിട്ടതാണ്.

(മോനായിയുടെ ഭാര്യയായ സാലിക്ക് തികച്ചും സൗജന്യമായി ഒരുപദേശം: പ്രിയ കണവനെ ഉടൻ ഒരു മനോരോഗ വിദഗ്ദ്ധനെ കാണിക്കുക. ഇത്തരം രോഗങ്ങൾ എത്രയും വേഗം ചികിത്സിക്കേണ്ടതാണ്).

Vol. No.11 Issue No. 4 2008 February 16

# അരങ്ങുവാഴുന്ന അജ്ഞൻമാർ

ദൈവദാസൻമാർ പണ്ഡിതരായിരിക്കണമെന്നു നിർബ്ബന്ധമില്ല. പണ്ഡിതർ ഏറെയുണ്ടായിരുന്നിട്ടും കർത്താവായ യേശുക്രിസ്തു സാധാരണക്കാരെയാണ് ശിഷ്യരാക്കിയത്. എന്നാൽ പാണ്ഡിത്യം സുവിശേഷവേലയ്ക്ക് തടസ്സമാകുന്നുമില്ല. പക്ഷേ ഇല്ലാത്ത പാണ്ഡിത്യം ഉണ്ടെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത് ദൈവദാസൻമാർക്ക് ഭൂഷണമല്ല.

എല്ലാം അറിയാമെന്നുള്ള ഭാവമുണ്ടായാൽ എന്തു വിവരക്കേടും വിളിച്ചു പറയാനുള്ള ധൈര്യമുണ്ടാകും. കേട്ടുകേഴ്വികൾ അടിസ്ഥാനമാക്കി വിജ്ഞാനം വിളമ്പും. പത്താം ക്ലാസ്സും ഗുസ്തിയും മാത്രം കൈമുതലായുള്ളവർ ആറ്റംബോംബിനേക്കുറിച്ചു പ്രസംഗിക്കും. ഡി.എൻ.എ ടെസ്റ്റിലൂടെ പിതൃത്വം തെളിയിക്കാമെങ്കിലും മാതൃത്വം കണ്ടെത്താനുള്ള ഒരു വിദ്യയും ശാസ്ത്രം നാളിതുവരെ കണ്ടെത്തിയിട്ടില്ലെന്ന് ഒരാൾ ഈയിടെ പ്രസംഗിച്ചതുതന്നെ നല്ല ഉദാഹരണം. സൂര്യനിൽ ഹീലിയം കത്തുന്നതായും മരത്തിൽ നിന്നു സലൈവ ഒഴുകുന്നതായും വരെ ഇതേ പ്രസംഗകൻ കണ്ടെത്തി.

സത്യസുവിശേഷം പ്രസംഗിക്കയാണ് ദൈവദാസൻമാരുടെ കർത്തവ്യം. ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മനുഷ്യനു മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞാൽ മതിയാകും. അതിന് ശാസ്ത്രവും ചരിത്രവും അറിഞ്ഞ് മതിയാകൂ എന്നില്ല. പക്ഷേ കർത്താവായ യേശുക്രിസ്തുവിനെ ഉയർത്തുന്നതിനു പകരം സ്വയം ഉയരാൻ ശ്രമിക്കുന്നവർക്ക് തങ്ങളുടെ പാണ്ഡിത്യം മാലോകരെ അറിയിക്കാതെ പറ്റില്ല. അതിനുള്ള ശ്രമം പലപ്പോഴും ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നു.

മുൻപിലൊരു മൈക്കും കേൾക്കാൻ കുറെ ആളുകളും വായിൽ വിവരക്കേടുമുണ്ടെങ്കിൽ സകല ശോകവും മാറ്റുന്ന ചക്രം വെള്ളയിൽ താനെ എത്തും എന്നാണ് ഒരു ടി.വി ചാനൽ ഈയിടെ പറഞ്ഞത്. കേരളീയരുടെ കണ്ണിലുണ്ണിയായ ഒരു കലാകാരന്റെ പ്രകടനം പ്രദർശിപ്പിച്ചശേഷമാണ് ഇതു പറഞ്ഞതെന്നുകൂടി ഓർക്കണം. ഇത്രയൊക്കെ വിവരക്കേടു പ്രസംഗിച്ചിട്ടും ഈ പ്രസംഗകനെ വിളിക്കാൻ ആളുണ്ട്. ഈ സീസണിലെ ഇംഗ്ലീഷ് ഡേറ്റുകൾ മുഴുവൻ കൊടുത്തു തീർന്നതുകൊണ്ട് ഇപ്പോൾ മലയാളം ഡേറ്റുകൾ കൊടുക്കുകയാണ്. പ്രസംഗിക്കുന്നവർക്കു മാത്രമല്ല യോഗം ക്രമീകരിക്കുന്നവർക്കും വിവരമില്ലാതായാൽ ഇതും ഇതിൽ അധികവും നടക്കും.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

കെ.കരുണാകരൻ കോൺഗ്രസ്സിൽ എത്തുന്നതോടെ ചെന്നിത്തലയ്ക്കും ഉമ്മൻ ചാണ്ടിക്കും ഉറക്കമില്ലാതാകും എന്ന് കെ. മുരളീധരൻ പ്രവചിച്ചത് ഇതാ ശരിയായിരിക്കുന്നു. ലീഡറും കൂട്ടരും കോൺഗ്രസ്സിൽ മടങ്ങിയെത്തിയിട്ട് രണ്ടാഴ്ചപോലും തികയുന്നതിനു മുൻപ് ലീഡർജി വെടി പൊട്ടിച്ചിരിക്കുന്നു. തൃശൂർ പൂരത്തെ വെല്ലുന്ന വെടിക്കെട്ടാകും ഇനി കോൺഗ്രസ്സിൽ നടക്കുക എന്ന് പുത്രൻജി പറയുന്നതിൽ കഴമ്പുണ്ടെന്നു പറയാതെവയ്യ. സോണിയാഗാന്ധിയുടെ കേരള സന്ദർശനം കഴിയുന്നതോടെ ഗ്രൂപ്പുകളി ഉഷാറാകും. ജനഹിതമല്ല കോൺഗ്രസ്സിൽ നടക്കുന്നതെന്ന് ലീഡർ പ്രഖ്യാപിക്കും. (ജനം എന്നാൽ ലീഡർ എന്നർത്ഥം). പിന്നെ ജനഹിതം നടപ്പിലാക്കാനുള്ള ബഹളം തുടങ്ങും. കോൺഗ്രസ്സ് പണ്ടത്തേതിന്റെ പിന്നത്തേതാകും.

കെ.കരുണാകരനുമായി ഇനി രാഷ്ട്രീയബന്ധമില്ലെന്നു മാത്രമല്ല അച്ഛനും മകനുമെന്ന ബന്ധം പോലും ഇല്ലെന്ന് കെ.മുരളീധരൻ പ്രഖ്യാപിച്ചിരിക്കുന്നു. ഈ തീരുമാനം എത്ര ദിവസത്തേക്കാണെന്നുമാത്രം പറഞ്ഞിട്ടില്ല. പറയുന്നത് കെ.കരുണാകരന്റെ മകനായതുകൊണ്ട് ഏതാനും ആഴ്ചകളോ ചില മാസങ്ങളോ കഴിയുമ്പോൾ തീരുമാനം മാറ്റുമെന്നു തീർച്ച. തിരിച്ചും മറിച്ചും പറയാനും പറഞ്ഞിന് പുതിയ വ്യാഖ്യാനം കൊടുക്കാനും മാലോകരെ ഒന്നടങ്കം വിഡ്ഢികളാക്കാനും ലീഡർജിക്കുള്ള കഴിവ് അദ്വിതീയമാണ്. ഈ കഴിവ് മകനും ഉണ്ടെന്ന് നാം പലവട്ടം കണ്ടതുമാണ്. അതുകൊണ്ട് പുത്രൻജി കറങ്ങിത്തിരിഞ്ഞ് കോൺഗ്രസ്സിലെത്തുമെന്നും ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നതിനൊക്കെ പുതിയ വ്യാഖ്യാനങ്ങൾ കൊടുക്കുമെന്നും തീർച്ച.

ആകെ മുങ്ങിയാൽ കുളിരില്ല എന്നു പറഞ്ഞതുപോലെ വിഭാഗികത മാത്രമേ ഉള്ളൂ എന്നു വന്നാൽ വിഭാഗീകത ഒട്ടുമില്ലാതാകും എന്ന് സി.പി.ഐ.(എം.) തെളിയിച്ചിരിക്കുന്നു. കോട്ടയം സമ്മേളനത്തോടെ വിഭാഗീകത പൂർണ്ണമായും ഇല്ലാതാകും എന്നു പറഞ്ഞത് ഈ അർത്ഥത്തിലാണെന്ന് ഇപ്പോഴാണറിയുന്നത്. (എന്താണ് വിഭാഗീകത എന്ന് അറിയാത്തവരുടെ അറിവിലേക്ക്: കോൺഗ്രസ്സിലെ ഗ്രൂപ്പുകളിക്ക് തുല്യമായ ഒരു കലാപരിപാടിയാണിത്. സി.പി.ഐ.(എം.) ഇതിനെ വിഭാഗീകത എന്നു വിളിക്കുന്നു എന്നുമാത്രം).

പലതായ കേരളാ കോൺഗ്രസ്സുകൾ ഒന്നാകാൻ പോകുന്നു എന്ന് കേൾക്കാൻ തുടങ്ങിയിട്ട് മാസങ്ങൾ പലതായി. പി.സി ജോർജിനെ ഇടതുമുന്നണി കൈയ്യൊഴിഞ്ഞതുമുതലാണ് ആ ഐക്യപ്രേമം തുടങ്ങിയത്. ഐക്യം എന്നു പറയുന്നതുകൊണ്ട് സമ്പൂർണ്ണ ഐക്യമുണ്ടെന്നു പറയാനുമാവില്ല. ജോസഫ് ഗ്രൂപ്പ് അമ്പിനും വില്ലിനും അടുക്കാതെ മറുപക്ഷത്താണ്. ഐക്യ പക്ഷത്തുള്ളവരുടെ ഐക്യം മോരും മുതിരയും തമ്മിലുള്ള ഐക്യമാണുതാനും. എങ്കിലും ഒരു ഐക്യ സമ്മേളനം നടത്താൻ കഴിഞ്ഞു എന്നത് ചെറിയകാര്യമല്ല. ഭാവിയിൽ കേരള കോൺഗ്രസ്സുകളുടെ ഒരു ഐക്യമുന്നണിയുണ്ടാകാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

തെങ്ങിന്റെ മുകളിൽ വ്യവസായം തുടങ്ങാൻ കഴിയുമോ എന്ന് നമ്മുടെ വ്യവസായമന്ത്രി ചോദിക്കുന്നു. ഒരു സാദ്ധ്യതാ പഠനം നടത്തുന്നത് നന്നായിരിക്കും എന്നേ പറയാനുള്ളൂ. മദ്യവ്യവസായത്തിന് ഏറെ സാദ്ധ്യതയുള്ള സ്ഥലമാണ് തെങ്ങിന്റെ മുകൾഭാഗം. ഏറുമാടം പോലെ എന്തെങ്കിലും ഒന്ന് ഉണ്ടാക്കിയിട്ട് ''വിഷൻ ഓഫ് കേരള'' എന്നു പേരുമിടാം. ടൂറിസ്റ്റുകളെ ആകർഷിക്കാനും കുടിപ്പിച്ച് കിടത്താനും ബുദ്ധി മുട്ടുണ്ടാകില്ല. മായം ചേരാത്ത തെങ്ങിൻ കള്ള് ലഭിക്കുമെന്നതിനാൽ ടൂറിസ്റ്റുകളുടെ ഒഴുക്കുണ്ടാകുമെന്നതിന് സംശയമില്ല. അങ്ങനെ വ്യവസായവും ടൂറിസവും ഒന്നുപോലെ വളർത്താൻ തെങ്ങിൻമുകളോളം നല്ല സ്ഥലം വേറെയില്ല.

മദ്യത്തിന്റെ കാര്യം പറഞ്ഞപ്പോഴാണ് കത്തോലിക്കാ മെത്രാൻമാരുടെ മദ്യവിരോധത്തേക്കുറിച്ചോർത്തത്. സർക്കാരിന്റെ മദ്യനയത്തിൽ അവർ ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു. പക്ഷേ കത്തോലിക്കാ വിശ്വാസികളുടെ മദ്യനയത്തോട് പ്രതിഷേധമില്ലതാനും. ഇതെന്തു മറിമായം? മദ്യപിക്കുന്നവരെ സഭയിൽ നിന്ന് പുറത്താക്കും എന്നു പ്രഖ്യാപിക്കുന്ന ഒരു ഇടയലേഖനം ഇറക്കാൻ ഏതെങ്കിലും മെത്രാന് നാളിതുവരെ തോന്നിയിട്ടില്ല. പക്ഷേ സർക്കാരിനെതിരെ ശറപറാന്ന് ഇടയലേഖനം ഇറക്കുകയും ചെയ്യുന്നു. ആർക്കും കൊട്ടാവുന്ന ചെണ്ടയാണല്ലോ സർക്കാർ.

നിരീശ്വരവാദം പ്രചരിപ്പിക്കാൻ സർക്കാർ ശ്രമിക്കുന്നു എന്നാണ് മെത്രാൻമാരുടെ കണ്ടുപിടുത്തം. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശമ്പളം കൊടുക്കുന്നത് സർക്കാരാണ്. പക്ഷേ നിയമനാധികാരം മാനേജ് മെന്റിനും. ഈ പരിപാടി ഇനി തുടരാനാവില്ല എന്നു പറഞ്ഞതാണ് പ്രശ്നങ്ങൽക്കു വഴിവച്ചിരിക്കുന്നത്. യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കാൻ ഒരു ഏജൻസി വേണമെന്നും ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടികയിൽ നിന്ന് ആരെ വേണമെങ്കിലും മാനേജ്മെന്റിന് നിയമിക്കാമെന്നുമാണ് വിദ്യാഭ്യാസ കമ്മീഷന്റെ നിലപാട്. നിരീശ്വരവാദികളെ മാത്രമേ പട്ടികയിൽ ഉൾപ്പെടുത്തൂ എന്നാണോ മെത്രാൻമാരുടെ വാദം? കാര്യം അതല്ലെന്ന് ഏവർക്കുമറിയാം. ഏറ്റവും വലിയ കൈമടക്കു നൽകുന്നവരെ നിയമിക്കുന്ന പരിപാടിയാണ് ഇപ്പോൾ നടന്നുവരുന്നത്. അത് നടക്കാതെവന്നേക്കുമെന്നുള്ള ഭയമാണ് കോലാഹലത്തിനു കാരണം. പക്ഷേ ഈ വസ്തുത തുറന്നു പറയാനാവില്ല. അതുകൊണ്ട് ഇതാ നിരീശ്വരവാദം വരുന്നേ എന്നു നിലവിളിക്കയാണ്.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

**(പ്രത്യേക ശ്രദ്ധക്ക്: ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും വിദേശത്തുനിന്നു വലിയ തുക ധനസഹായമായി ലഭിക്കുമെന്നു പറഞ്ഞ് സമീപിക്കുന്നവരെ സൂക്ഷിക്കുക. അത് തട്ടിപ്പാണ്.)**

# വിവരക്കേടേ, നിന്റെപേരോ കെ.എ. ഏബ്രഹാമെന്ന്?

ഭക്ഷണം കഴിക്കാനും വിവരക്കേടു പറയാനും മാത്രമേ അവറാൻ വായ് തുറക്കൂ എന്ന സ്ഥിതിയാണിപ്പോഴുള്ളത്. ഒരു മിനിട്ടിന് ഒരു വിഡ്ഢിത്തം എന്ന ക്രമത്തിനാണ് പ്രസംഗം. ഒരേ പ്രസംഗം തന്നെ നൂറുകണക്കിനു സ്റ്റേജുകളിൽ ആവർത്തിക്കുന്നതുകൊണ്ട് എവിടെ പ്രസംഗിച്ചു എന്നു പറയാതെ കുറെ വിജ്ഞാനമുത്തുകൾ വിതറാം:

ഡി.എൻ.എ ടെസ്റ്റ് എന്നാൽ എന്ത്? ഒരാളുടെ പിതാവിനെ കണ്ടെത്താനുള്ള ടെസ്റ്റാണെന്ന് അവറാൻ പറയുന്നു. ഒരു വ്യക്തിയുടെ പിതാവാരാണെന്ന് ഡി.എൻ.എ ടെസ്റ്റിലൂടെ കണ്ടെത്താം. പക്ഷേ മാതാവാരാണെന്ന് കണ്ടെത്താൻ ഒരു വഴിയും ശാസ്ത്രം നാളിതുവരെ കണ്ടെത്തിയിട്ടില്ല, അവറാൻ അലറുന്നു. പഞ്ചപാണ്ഡവൻമാർ കട്ടിൽകാലുപോലെ മുന്ന് എന്നു പറഞ്ഞവൻ ഇതിലും ഭേദമാണ്. എന്താണവറാച്ചാ ഡി.എൻ.എ? മനുഷ്യനിൽ എത്ര ഡി.എൻ.എ ഉണ്ട്?

മനുഷ്യനിൽ 23 ജോഡി, അതായത് 46 ക്രോമസോം ആണുള്ളത്. അവയിൽ 23 എണ്ണം മാതാവിൽ നിന്നും 23 എണ്ണം പിതാവിൽ നിന്നും ലഭിക്കുന്നു. അതുകൊണ്ട് ഡി.എൻ.എ ടെസ്റ്റിലൂടെ പിതാവിനെ കണ്ടെത്താനുള്ള സാദ്ധ്യത എത്രയോ അത്രയുംതന്നെ സാദ്ധ്യത മാതാവിനെ കണ്ടെത്താനുമുണ്ട്. പക്ഷേ പിതാവാരാണെന്ന കാര്യത്തിലാണ് സാധാരണയായി സംശയമുണ്ടാകുക. അതുകൊണ്ട് പിതൃത്വം തെളിയിക്കാനാണ് ഡി.എൻ.എ ടെസ്റ്റ് നടത്തുക എന്നുമാത്രം. ഇനിയെങ്കിലും ഈ പമ്പര വിഡ്ഢിത്തം പറയരുതേ.

ഇനി ജലപ്രളയംകൊണ്ട് ഭൂമിയെ നശിപ്പിക്കില്ല എന്നു പ്രഖ്യാപിച്ചിട്ട് ദൈവം മേഘത്തിൽ തന്റെ വില്ലുവെച്ചു എന്നു ബൈബിൾ പറയുന്നു. പക്ഷേ അവറാൻ അവിടംകൊണ്ട് നിർത്തുകയില്ല. മഴവില്ലിനേക്കുറിച്ച് കുറച്ചുകൂടി വ്യാഖ്യാനിക്കും. മഴവില്ലിലെ



ഏഴു നിറങ്ങൾ ദൈവത്തിന്റെ ഏഴു പ്രത്യേകതകളാണത്രേ. ഇതു പറഞ്ഞിട്ട് അവറാനു തോന്നിയ ഏഴു കാര്യങ്ങൾ പറയുന്നു. ദൈവത്തിന് ഏഴു പ്രത്യേകതകളേയുള്ളോ? അങ്ങനെ ബൈബിൾ പറയുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ? മഴവില്ലിൽ മനുഷ്യനുകാണാവുന്ന ഏഴു നിറങ്ങളേയുള്ളൂ എന്നതു ശരിതന്നെ. പക്ഷേ നമുക്കു കാണാനാവാത്ത നിറങ്ങളുമുണ്ട്. അവയ്ക്ക് വ്യാഖ്യാനമില്ലേ?

മനുഷ്യരക്ഷയുമായി ബന്ധപ്പെട്ട് നാലു തോട്ടങ്ങളുണ്ടത്രേ. 1. ഏദെൻ തോട്ടം. 2. ഗത്ശമെന. 3. കാൽവറി. 4. പുതിയ യെരൂശലേം. കാൽവറി തോട്ടമാണത്രേ. ഇവൻ എവിടുത്തുകാരനാണപ്പാ! എത്രയും വേഗം ഇവന്റെ തലയിൽ നെല്ലിക്കാത്തളം വെയ്ക്കണം.

രക്തസ്രവക്കാരത്തി സ്ത്രീക്ക് എങ്ങനെയാണ് രോഗശാന്തി ലഭിച്ചത്? പറയാം. അവൾ കർത്താവിന്റെ വസ്ത്രത്തിൽ തൊട്ടു. അപ്പോൾ കർത്താവിൽ നിന്ന് ലേസർ രശ്മി പുറപ്പെട്ടു. അങ്ങനെ ലേസർ ഓപ്പറേഷനിലൂടെയാണ് രക്തസ്രവക്കാരി സൗഖ്യമായത്.

യാക്കോബിന് എത്ര ഭാര്യമാരുണ്ടായിരുന്നു? രണ്ട്+രണ്ട്. ദാസിമാരെ ഒഴിവാക്കിയാൽ രണ്ടു ഭാര്യമാർ. ഇതിന്റെ ആത്മീയ അർത്ഥമെന്ത്? വിശേഷിച്ച് ആത്മീയ അർത്ഥമൊന്നുമില്ല എന്നു മാത്രമേ ദൈവവചനം പഠിച്ചിട്ടുള്ളവർ പറയൂ. പക്ഷേ എന്തിലും ഏതിലും അവറാൻ ആത്മീയ അർത്ഥം കണ്ടെത്തും. ഈ കഥയിലെ ലേയാ ദൈവസഭയെ കുറിക്കുന്നു. (തെളിവെന്ന നിലയിൽ സൈമൺ സാറിന്റെ ഒരു കവിതയും ചെല്ലി). റാഹേൽ എന്നത് മഹതിയാം ബാബിലോൺ. (ഹല്ലേലൂയ്യാ, ആമേൻ).

അപ്പോൾ ചില വിഷമപ്രശ്നങ്ങളുണ്ടാകുമല്ലോ അവറാച്ചാ. യാക്കോബിന് റാഹേലിനെയായിരുന്നു ഇഷ്ടം. ദൈവത്തിന് മഹതിയാം ബാബിലോണിനെയാണിഷ്ടം എന്നാണോ അവറാൻ പറയുന്നത്? റാഹേലിന്റെ മക്കളായ യോസഫിനോടും ബെന്യാമീനോടുമായിരുന്നു യാക്കോബിന് കൂടുതൽ ഇഷ്ടം. കർത്താവിന് ദൈവമക്കളോടുള്ളതിലധികം ഇഷ്ടം മഹതിയാം ബാബിലോണിന്റെ സന്തതികളോടാണോ? യാക്കോബ് യോസഫിന് ഇരട്ടി പങ്ക് അവകാശം കൊടുത്തു. മഹതിയാം ബാബിലോണിന്റെ സന്തതിക്ക് ഇരട്ടി പങ്കു കിട്ടിയോ? എന്തൊക്കെയാണ് ഈ വിവരദോഷി പറയുന്നത്?

പ്രിയ സഹോദരങ്ങളേ, ഈ വിധത്തിലുള്ള പ്രസംഗം കേട്ട് അടങ്ങിയിരിക്കാൻ ഡിഫെൻഡറിന് പറ്റില്ല. ദൈവവചനത്തെ ഈ വിധത്തിൽ അവഹേളിക്കുന്നത് അംഗീകരിക്കാനുമാവില്ല. ഈ രാജ്യത്ത് എന്തു വിഡ്ഢിത്തവും വിശ്വസിക്കാം, അതു പ്രചരിപ്പിക്കയും ചെയ്യാം. അതിനുള്ള സ്വാതന്ത്ര്യം (അവറാന്റെ ഭാഷയിൽ പറഞ്ഞാൽ) ഇന്ത്യാമഹാരാജ്യത്തുണ്ട്. പക്ഷേ പരസ്യമായി എഴുതുകയോ പ്രസംഗിക്കയോ ചെയ്താൽ അതിനെതിരെ പ്രതികരിക്കാനുള്ള സ്വാതന്ത്ര്യം മറ്റുള്ളവർക്കുമുണ്ട്. അതുകൊണ്ട് ഇനിയെങ്കിലും അവറാൻ ഇത്തരം വിവരക്കേടുകൾ എഴുന്നെള്ളിക്കരുത്.

## വടക്കഞ്ചേരിയിൽ ക്വട്ടേഷൻ

ക്വൊട്ടേഷൻ എടുക്കുക എന്നൊരു പരിപാടി ഗുണ്ടകൾ ചെയ്യാറുണ്ട്. കൈവെട്ടുന്നതിന് പതിനായിരം രൂപ, കാലു വെട്ടുന്നതിന് ഇരുപതിനായിരം രൂപ എന്നിങ്ങനെ. അതുപോലെ ഗോസ്പൽ ടീമുകളും ചില ക്വൊട്ടേഷൻ പരിപാടികൾ നടത്തിവരുന്നു. ഫുൾ ടീം വന്ന് യോഗം നടത്തുന്നതിന് ഒരു റേറ്റ്, ടീമിന്റെ ലീഡറും മുഖ്യ പ്രസംഗകനുമായ ആളു മാത്രം വരുന്നതിന് മറ്റൊരു റേറ്റ് എന്നിങ്ങനെയാണ് പരിപാടി. കെ.എ.ഏബ്രഹാമിന്റെ ടീം ചെയ്തുവരുന്നതും ഇതൊക്കെത്തന്നെ. ഫെബ്രുവരി 21 മുതൽ 24 വരെ വടക്കഞ്ചേരിയിൽ അവറാന്റെ സാദ്യത് ഗോസ്പൽ ടീം ആലത്തൂർ ഐ.പി.സി സെന്ററിന്റെ കൺവൻഷൻ ക്വൊട്ടേഷൻ എടുത്തിട്ടുണ്ട്. മേജർ സെറ്റ് കഥകളി എന്നു പറഞ്ഞതുപോലെ ഫുൾ സെറ്റ് പരിപാടിയാണ്. പാട്ട്, പ്രസംഗം തുടങ്ങിയവയെല്ലാം നടത്തി കൊടുക്കുന്നതിന് തുക പറഞ്ഞൊത്തിട്ടുമുണ്ട്. സംഗതി ഉഗ്രനായിരിക്കുമെന്ന കാര്യത്തിൽ ആരം സംശയിക്കേണ്ട.




# ബഥേൽ വിശേഷങ്ങൾ

പണ്ട് ഡിക്ടറ്റീവ് നോവലുകൾ ആരംഭിക്കുന്നതിന് ചില ചട്ടവട്ടങ്ങളുണ്ടായിരുന്നു. ‘‘ഠേ, ഠേ. വെടിപൊട്ടി’’ എന്നാകും ആരംഭത്തിലെ വാചകം. അല്ലെങ്കിൽ ‘‘ണീം ണീം, ഫോണിന്റെ മണിയടിച്ചു’’ എന്നുമാകാം. ബഥേൽ പി.ജേക്കബ്ബുമായി ബന്ധപ്പെട്ട് പറയാൻ പോകുന്ന ഈ കഥകളുടെ ആരംഭം ‘‘ണീം ണീം’’ എന്നുതന്നെ ആകട്ടെ.

ഫെബ്രുവരി ഒന്നാം തീയതി രാത്രി, അതായത് രണ്ടാം തീയതി പ്രഭാതത്തിലാണ് റ്റി. എസ്.ബാലന്റെ വീട്ടിലെ ഫോണിന്റെ മണിയടിച്ചത്. സമയം 1.30 എ.എം. വിളി വന്നത് അമേരിക്കയിൽ നിന്നാണ്. വിളിച്ച ആളുടെ നമ്പർ: 001-469-892-6637. ബഥേൽ പി.ജേക്കബ്ബിനെതിരെ എഴുതുന്നത് നിർത്തിയില്ലെങ്കിൽ തട്ടിക്കളയുമെന്ന സന്തോഷവാർത്ത അറിയിക്കാനാണ് വിളിച്ചത്. ആരാണ് വിളിച്ചത്? പേരു പറഞ്ഞില്ല. അതുകൊണ്ട് ഏതോ കൗടലേയനാണെന്നു തീർച്ച. ഈ ചങ്ങാതി ആരാണെന്ന് അമേരിക്കയിലുള്ളവർക്ക് ബുദ്ധിമുട്ടുകൂടാതെ കണ്ടെത്താം.

ബഥേലിന്റെ വടക്കേ ഇന്ത്യൻ സ്റ്റെപ്പിനികളായ അമ്മയേയും മകളേയും സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിവായി. തള്ള ഒരു നേഴ്സാണ്. ബഥേൽ ഇവരുമായാണ് ആദ്യം ലോഹ്യത്തിലായത്. അന്ന് മകൾ ചെറുപ്പമായിരുന്നു. മകൾക്കു പ്രായമായപ്പോൾ ബഥേൽ മകളേയും വെപ്പാട്ടിയാക്കി. പ്രസംഗ പരിപാടികളുമായി ബഥേൽ വടക്കേഇന്ത്യയിൽ എത്തിയാലുടൻ ഇരുവരും എത്തും. ബഥേൽ തിരികെ പോരുന്നതുവരെ ഇവർ കൂടെയുണ്ടാകും. ഇവരുമായി ബഥേൽ നടത്തിയ സഹവാസം പലപ്പോഴും പ്രശ്നങ്ങൾക്കു കാരണമായിട്ടുമുണ്ട്. ഏതായാലും ബഥേൽ ഒരു ഉപകാരം ചെയ്തു. ആ പെണ്ണിനെ സ്വന്തം ചെലവിൽ കെട്ടിച്ചയച്ചു. ഇപ്പോൾ തള്ള ബാക്കി.

ബഥേൽ ഉപവസിച്ചാൽ ഫലമുണ്ടാകുമോ? ഉണ്ടാകുമെന്നാണ് ഐതിഹ്യം. ഏതായാലും ബാലന്റെ തലപോകാനായി ബഥേൽ പി.ജേക്കബ്ബ് ഉപവസിക്കയാണ്. ബാലന്റെ തല പോയില്ലെങ്കിലും ബഥേലിന്റെ തടി കുറയുന്നത് അങ്ങേരുടെ ആരോഗ്യത്തിനു നല്ലതാണ്.

എന്താണ് ബഥേലിന് ഇത്ര ഭയം? ഭയപ്പെടാൻ ഏറെ കാരണങ്ങളുണ്ട്. തോന്ന്യാസങ്ങൾ കുറച്ചൊന്നുമല്ലല്ലോ കാട്ടിക്കൂട്ടിയിട്ടുള്ളത്. അവയിൽ പലതും ബാലൻ അറിഞ്ഞിട്ടുമുണ്ട്. അതൊക്കെ ബാലൻ പുറത്താക്കിയാൽ സംഗതി കുഴയും. ഉപവസിക്കയല്ലാതെ വേറെ മാർഗ്ഗമില്ല.

ബഥേൽ ഉപവസിക്കാൻ തുടങ്ങിയതോടെ ബാലൻ ജയിലിലായി എന്നൊരു കഥ അമേരിക്കയിൽ പ്രചരിക്കുന്നതായി അറിയുന്നു. പരമ വിശുദ്ധനായ ബഥേൽ പി. ജേക്കബ്ബിനെ വിമർശിക്കുന്നതിനോളം വലിയ ഒരു പാപമില്ലെന്ന വസ്തു ഏവരും സമ്മതിക്കും. ഇത്ര വലിയ പാപം ചെയ്ത ബാലനെ ശിക്ഷിക്കാതിരിക്കുന്നതെങ്ങനെ? ഏതായാലും ബഥേൽ സുപ്രീം കോടതിക്ക് പരാതിയയച്ചു. അതോടെ സുപ്രീംകോടതി കോപിച്ചു. ഉടൻ തന്നെ ബാലനെ അറസ്റ്റ് ചെയ്ത് ജീവപര്യന്തം ശിക്ഷ വിധിക്കയും ചെയ്തു. അങ്ങനെ ബാലൻ ഇപ്പോൾ ജയിലിലാണ്. ഇതാണ് അമേരിക്കയിൽ പ്രചരിക്കുന്ന കഥ. കഥയിൽ ചോദ്യമില്ലെന്നറിയാം. എങ്കിലും ചോദിക്കട്ടെ, അമേരിക്കയിലും വിഡ്ഢികളുണ്ടാകാമെങ്കിലും ഇതൊക്കെ വിശ്വസിക്കുന്നവരും അവിടെയുണ്ടോ?



# ഫിലിപ്പ് പ്രശ്നത്തിന്റെ കാണാപ്പുറങ്ങൾ

ഇന്റർനാഷണൽ ഫിലിപ്പ് എന്ന കള്ളൻ സൗദിയിലുള്ള ഒരു സാധു സഹോദരനെ കബളിപ്പിച്ച വിവരം കഴിഞ്ഞ ചില ലക്കങ്ങളിലായി ഡിഫെൻഡറിൽ എഴുതി വരുന്നു. നാളിതുവരെ ആ പ്രശ്നം തീർക്കാൻ ഫിലിപ്പ് നടപടി എടുത്തിട്ടുമില്ല. ഈ വിഷയത്തോടുള്ള ബന്ധത്തിൽ പല തെറ്റിദ്ധാരണകളും ഉണ്ടായിട്ടുള്ളതിനാൽ ചില കാര്യങ്ങൾ വിശദീകരിക്കയാണ്.

സ്വർഗ്ഗീയധ്വനിയുടെ ഡിസ്കഷൻ ബോർഡിൽ കണ്ട ഒരു കുറിപ്പ് ആധാരമാക്കിയാണ് ഡിഫെൻഡർ ഈ വിഷയത്തിൽ ഇടപെട്ടത്. ആ കുറിപ്പ് ഇതാണ്:
(http://sdpathram.com/forum/forums/thread/2626.aspx)

Bitter experience from a Pastor

2 years before one person call me and introduce himself as a church leading pastor. Also he is working as a Branch Manager and that company is owned by our Pentecostal believer.

He approached me for a Digital Design work for their company browser. I started to work with them for that particular project around 4 months and finished. As we are believers, I consider a special discounted price and didn't take any advance because of my trust and respect to the owner and manager.

But now I realized, they purposely cheated me and not willing to pay me deserved remuneration of my toil. Around 5000SR they have to pay me. I approach one of our brother to act as a mediator they didn't respect him. After that I informed some of the assembly members who is worshipping with him. They told they are not ready to ask this matter to him, because he is their pastor and their assembly gathering in his house. Secretly some of the believers advise me to go his house and make problem between their gathering times.

2 things preventing me to do as a carnal man..

1) Both the owner and manager are aged persons as my father.

2) I am avoiding a direct conversation. (Possibility of sin due to harsh words, their dealing not suitable for a Pastor)

ഇങ്ങനെയൊരു സംഭവം നടന്നിട്ടുണ്ടെങ്കിൽ അത് ഗൗരവമുള്ള പ്രശ്നമാണെന്നതിന് സംശയമില്ല. അതുകൊണ്ട് സംഭവം സത്യമാണോ എന്ന് ഞങ്ങൾ അന്വേഷിച്ചു. സത്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. രണ്ടു വിശ്വാസികൾ തമ്മിൽ പ്രശ്നമുണ്ടായാൽ അത് രമ്യമായി പരിഹരിക്കേണ്ടതാണ്. അതിനായി ഡിഫെൻഡർ ഏറെ ശ്രമിച്ചു. പക്ഷേ തട്ടിപ്പുകാരനായ ഇന്റർനാഷണൽ ഫിലിപ്പ് വഴങ്ങിയില്ല. അതുകൊണ്ടാണ് ഈ പ്രശ്നത്തേപ്പറ്റി ഡിഫെൻഡറിൽ എഴുതിയത്.



മാത്യു എം. ജോർജ്

ജനുവരി 10ന് അകമായി പ്രശ്നം പരിഹരിക്കണമെന്ന് ഡിഫെൻഡർ ആവശ്യപ്പെട്ടെങ്കിലും ഫിലിപ്പ് വഴങ്ങിയില്ലെന്നു മാത്രമല്ല ആ സാധുസഹോദരനെ കള്ളക്കേസ്സിൽ കുടുക്കാൻ പദ്ധതിയിടുകയാണ് ചെയ്തത്. അതുകൊണ്ട് ജനുവരി 25ന് അകമായി പ്രശ്നം പരിഹരിക്കാൻ ഫിലിപ്പിന്റെ സഭയിലെ അംഗങ്ങളോട് ആവശ്യപ്പെട്ടു. അവർ അതിനു തയ്യാറായില്ല. പക്ഷേ ഒരാഴ്ചകൂടി സമയം നൽകണമെന്ന് ചില സഹോദരൻമാർ ആവശ്യപ്പെട്ടു. അങ്ങനെ ജനുവരി 31 വരെ സമയം നൽകി. അതും ഗുണം ചെയ്തില്ല. ഉപശാന്തിയില്ലാത്തവിധം പാപം ചെയ്തു എന്ന് യിസ്രായേലിനേക്കുറിച്ചു പറയുന്നതുപോലെ ഫിലിപ്പും ചെയ്തു. പത്രത്തിൽ എന്തെങ്കിലുമൊക്കെ എഴുതാനല്ലാതെ ബാലനേക്കൊണ്ട് എന്തുചെയ്യാൻ കഴിയും എന്നാണ് ഫിലിപ്പും കൂട്ടരും ചോദിക്കുന്നത്. ഫിലിപ്പിനെതിരെ എഴുതിയതുകൊണ്ട് ബാലനെ ദൈവം തട്ടിക്കളയും എന്നു പറയുന്നവരുമുണ്ട്. വിശദ വിവരങ്ങൾ അറിയേണ്ടവർ http://sdpathram.com/forum/forums/thread/2626.aspx എന്ന ലിങ്ക് നോക്കുക. പെന്തക്കോസ്തുകാർ എത്രത്തോളം തരംതാണു എന്ന് നേരിൽ കാണാം.

എന്തുകൊണ്ടാണ് ഇന്റർനാഷണൽ ഫിലിപ്പ് ഈ തോന്ന്യാസങ്ങളൊക്കെ കാണിക്കുന്നതെന്ന് ഡിഫെൻഡർ അന്വേഷിച്ചു. അപ്പോഴാണ് ഫിലിപ്പിനേക്കാൾ വലിയ ഒരു കള്ളൻ ഇതിന്റെ പിന്നിലുണ്ടെന്ന് മനസ്സിലായത്. മാത്യു എം.ജോർജ് എന്നാണ് ഈ ചങ്ങാതിയുടെ പേര്. രാജു എന്ന പേരിൽ അറിയപ്പെടുന്നു. (ഫോട്ടോ നോക്കുക). ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നും സൗദിയിലേക്ക് സാധനങ്ങൾ ഇറക്കുമതി ചെയ്ത് ജപ്പാൻ, ജർമ്മനി, ബ്രിട്ടൺ എന്നൊക്കെ മുദ്രയടിച്ച് കള്ളക്കച്ചവടം നടത്തുകയാണ് ഈ റവറന്റിന്റെ പണി. ഒന്നാംതരം കള്ളൻ. തട്ടിപ്പും വെട്ടിപ്പും നടത്തി ഇയാൾ കോടീശ്വരനായിക്കഴിഞ്ഞു. ഇങ്ങനെയുണ്ടാക്കിയ പണം ബ്ലേഡ് പലിശക്ക് കടംകൊടുക്കുന്ന പരിപാടിയുമുണ്ട്. ഈ ചങ്ങാതിയാണ് ഫിലിപ്പിന്റെ ശക്തികേന്ദ്രം.

ബാലൻ ശുദ്ധ വിവരദോഷിയാണെന്നും പത്രത്തിൽ എഴുതാനല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിവില്ലാത്തവനാണെന്നും പറഞ്ഞ് ഇയാൾ ഫിലിപ്പിന് ധൈര്യം പകരുന്നു. മാത്രമല്ല, ഡിഫെൻഡർ വായിക്കുന്നവരെല്ലാം പാപികളാണെന്നും അവരുമായി കൂട്ടായ്മപോലും പാടില്ലെന്നും ഇയാൾ പ്രചരിപ്പിക്കുന്നു. ചതിയിൽ അകപ്പെട്ട സഹോദരന്റെ വിസ ക്യാൻസലാക്കി നാട്ടിലേക്ക് അയയ്ക്കാമെന്നും ബാലൻ മൂക്കുകൊണ്ട് ക്ഷ-ണ്ണ എഴുതുമെന്നും ഇയാൾ പറയുന്നു. ഇതൊക്കെയാണ് ഇപ്പോഴുള്ള സ്ഥിതി.

# ഡിഫെൻഡർ മറുപടി പറയുന്നു

? ദേവസ്യ മുല്ലക്കര കത്തോലിക്കാസഭ വിട്ടതായി അറിയുന്നു. ഇത് സത്യമാണോ? ഇതേപ്പറ്റി ഡിഫെൻഡറിൽ വാർത്ത കണ്ടില്ലല്ലോ.

■ ഡിഫെൻഡർ തികച്ചും വ്യത്യസ്തമായ ഒരു പത്രമാണ്. ഡിഫെൻഡറിനു തുല്യം ഡിഫെൻഡർ മാത്രം. മറ്റു പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വാർത്തകൾ വളരെ അപൂർവ്വമായി മാത്രമേ ഡിഫെൻഡറിൽ വരാറുള്ളൂ. സംശയമുള്ളവർ ഡിഫെൻഡർ മറ്റു പത്രങ്ങളുമായി താരതമ്യം ചെയ്തുനോക്കുക.

ദേവസ്യ മുല്ലക്കര കത്തോലിക്കാസഭ വിട്ടെന്നും അദ്ദേഹത്തോടൊപ്പം നിരവധി ആളുകൾ സ്നാനമേക്കാൻ പോകുന്നെന്നും മറ്റും അറിയാൻ കഴിഞ്ഞു. സംഭവം ശരിയാണെന്നുവേണം കരുതാൻ. കത്തോലിക്കരുടെ ദുരുപദേശം വിട്ട് മുല്ലക്കര പുറത്തുവരുന്നത് എന്തുകൊണ്ടും നല്ലതാണ്.

മുല്ലക്കരയുടെ വിശ്വാസ പ്രമാണം എന്താണെന്ന് നാളിതുവരെ വ്യക്തമായിട്ടില്ല. അതുകൊണ്ട് ഉപദേശപരമായ വിഷയങ്ങളേക്കുറിച്ച് വിലയിരുത്താൻ ബുദ്ധിമുട്ടുണ്ട്. എന്നാൽ മുല്ലക്കര ദുർമ്മാർഗ്ഗിയാണെന്നു തോന്നുന്നില്ല. ദ്രവ്യാഗ്രഹിയോ ചതിയനോ ആണെന്നും പറയാൻ കാരണമില്ല. അതുകൊണ്ട് ഒരു വ്യക്തി എന്ന നിലക്ക് സ്വീകാര്യനാണ്.

ഒരു വ്യക്തി സത്യവിശ്വാസത്തിലേക്കു വന്നാലുടൻ ഉപദേശത്തിന്റെ പൂർണ്ണതയിലെത്തിയേ മതിയാകൂ എന്നു ശഠിക്കുന്നത് ശരിയല്ല. കത്തോലിക്കനായിരുന്ന മുല്ലക്കര പടിപടിയായി മുന്നേറി ഇത്രത്തോളമെത്തി. എങ്കിലും പല വിശ്വാസ സത്യങ്ങളും ഗ്രഹിച്ചിട്ടുണ്ടാകില്ല. അവ ക്രമേണ ശരിയാകുമെന്ന് കരുതാം. രക്ഷയെ ബാധിക്കുന്നത്ര ഗുരുതരമായ ഉപദേശപ്പിശകുകളൊന്നും മുല്ലക്കര അടുത്ത കാലത്ത് പ്രസംഗിച്ചതായി അറിവില്ല. എന്നാൽ പ്രജാപതി ക്രിസ്തുവാണെന്ന് രണ്ടുമാസം മുൻപ് പ്രസംഗിച്ചിരുന്നു. പ്രജാപതിക്കാർ പറയുന്നതൊക്കെ വേദത്തിലുണ്ടെന്നു തെറ്റിദ്ധരിച്ച് പറഞ്ഞതാകാം. സത്യം മനസ്സിലാക്കുമ്പോൾ തെറ്റ് തിരുത്തുമെന്നു കരുതാം.

കെ.സി.ജോണുമായുള്ള കൂട്ടുകെട്ട് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. കെ.സി. ജോൺ വ്യഭിചാരിയാണെന്ന വസ്തുത മുല്ലക്കര അറിഞ്ഞിരിക്കാനിടയില്ല. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ്, പവ്വർ വിഷന്റെ ചെയർമാൻ തുടങ്ങി പലതുമായ കെ.സി.ജോൺ വ്യഭിചാരം തൊഴിലാക്കിയവനാണെന്ന് ഊഹിക്കാനാവില്ലല്ലോ.

നിലവിലുള്ള ഏതെങ്കിലും പെന്തക്കോസ്ത് സഭയിൽ മുല്ലക്കരയും കൂട്ടരും അംഗത്വമെടുത്താൽ അത് ഭാവിയിൽ വളരെ ദോഷം ചെയ്യും. മലങ്കര ക്രിസ്ത്യൻ ചർച്ച് പോലെ സ്വതന്ത്രമായി നിൽക്കുകയും ഉപദേശപരമായി യോജിക്കാവുന്നവരുമായി സഹകരിക്കയും ചെയ്യുകയാണ് അഭികാമ്യം. പക്ഷേ കെ.സി. ജോണും മറ്റും രംഗത്തുള്ളതുകൊണ്ട് എത്രക്കാലം ഇവർക്ക് സ്വതന്ത്രമായി നിൽക്കാൻ കഴിയുമെന്ന് നിശ്ചയമില്ല. (അടുത്തെത്തുന്ന എന്തിനേയും വലിച്ചടുപ്പിച്ച് ഉള്ളിലാക്കുന്ന തമോഗർത്തമാണ് ഐ.പി.സി. അതിനുള്ളിൽ അകപ്പെട്ടാൽ കഥ കഴിഞ്ഞു).

അച്ചൻമാരോ സമുദായങ്ങളിലെ അറിയപ്പെടുന്ന പ്രസംഗകരോ സത്യവിശ്വാസത്തിലേക്കു വന്നാൽ ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. തങ്ങൾക്ക് എല്ലാം അറിയാമെന്ന് അവർ ധരിക്കും. അച്ചനേയും പ്രസംഗകനേയും മറ്റും പഠിപ്പിക്കാൻ ആരും ധൈര്യപ്പെടുകയുമില്ല. അതുകൊണ്ട് പെന്തക്കോസ്ത് വിശ്വാസസത്യങ്ങൾ അവർ മനസ്സിലാക്കുകയില്ല. തങ്ങൾ പ്രസംഗിച്ചുവന്നതുപോലെ തുടർന്നും പ്രസംഗിക്കും. ദുരുപദേശങ്ങളും ശുദ്ധ വിവരക്കേടുകളും പ്രസംഗിക്കാൻ ഇത് വഴിവെക്കും. പുതുപ്പള്ളിയച്ചന്റെ കാര്യം തന്നെ നല്ല ഉദാഹരണം. (കാനം അച്ചന്റെ കാര്യത്തിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടായില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. ദൈവവചനം വസ്തു നിഷ്ഠമായി പഠിക്കാൻ അദ്ദേഹം ശ്രമിച്ചു എന്നതുതന്നെ കാരണം).

അറിയപ്പെടുന്ന പ്രസംഗകനായാണ് മുല്ലക്കര വിശ്വാസത്തിലേക്കു വരുന്നത്. കൂടാതെ, രോഗശാന്തിവരമുള്ള ആളാണെന്ന് ജനം ധരിക്കുന്നുമുണ്ട്. മുല്ലക്കരയെ ദൈവത്തേപ്പോലെ കാണുന്നവർ നിരവധിയുണ്ടുതാനും. കെ.സിയുടെ കൂട്ടുകൂടിയായപ്പോൾ എല്ലാം തികഞ്ഞു. പ്രത്യേകം സൂക്ഷിച്ചില്ലെങ്കിൽ ഇതൊക്കെ അപകടത്തിനു വഴി വച്ചേക്കാം. പക്ഷേ ഇത്തരം ചതിക്കുഴികളേക്കുറിച്ച് മുല്ലക്കരയോട് ആരു പറയും?

മുല്ലക്കര വീണ്ടുംജനനം പ്രാപിച്ച വ്യക്തിയാണെങ്കിൽ, തികച്ചും ആത്മീയ കാരണങ്ങളാലാണ് അദ്ദേഹം കത്തോലിക്കാസഭ വിട്ടതെങ്കിൽ അത് സ്വാഗതാർഹമാണ്. അതല്ല, മറ്റെന്തെങ്കിലും കാരണങ്ങളാണ് ഈ ചുവടുമാറ്റത്തിന്റെ പിന്നിലുള്ളതെങ്കിൽ അതു കാലം തെളിയിക്കും. അപ്പോൾ ഡിഫെൻഡർ പ്രതികരിക്കും.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രൊട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ഡ്രൈവറെവിടെ കെ.സീ?

ഡ്രൈവറെ നിയമിക്കുക, പിരിച്ചുവിടുക തുടങ്ങിയതൊക്കെ തികച്ചും വ്യക്തിപരമായ കാര്യങ്ങളാണ്. പക്ഷേ രണ്ടു പതിറ്റാണ്ടിലധികം കാലം സേവനം ചെയ്ത ഡ്രൈവറെ ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ കെ.സി.ജോൺ പിരിച്ചുവിടുമ്പോൾ അത് അല്പമെങ്കിലും പൊതുതാല്പര്യമുള്ള കാര്യമായി മാറുന്നു. അതുകൊണ്ട് ചില ചോദ്യങ്ങൾക്ക് കെ.സി.ജോൺ മറുപടി പറയണം:

1. രണ്ടു പതിറ്റാണ്ടിലധികംകാലം കെ.സി.ജോണിന്റെ ഡ്രൈവറായിരുന്ന വ്യക്തിയെ കെ.സി.ജോൺ ഈയിടെ പിരിച്ചുവിട്ടതായി അറിയുന്നു. യഥാർത്ഥത്തിൽ ഇങ്ങനെയൊരു സംഭവം നടന്നിട്ടുണ്ടോ?
2. നടന്നെങ്കിൽ ഡ്രൈവറെ പിരിച്ചുവിടാൻ കാരണമെന്ത്? കുമ്പനാട് കൺവെൻഷനിടയിൽ കെ.സി.ജോൺ അതീവ രഹസ്യമായി സ്വന്തം വീട്ടിലെത്തി വേലക്കാരിയുമായി വ്യഭിചരിച്ച കാര്യം ഡിഫെൻഡറിനെ അറിയിച്ചത് ഡ്രൈവറാണ് എന്ന സംശയം മൂലമാണ് പിരിച്ചുവിടൽ ഉണ്ടായതെന്നു കേൾക്കുന്നു. ഇതിൽ വല്ല കഴമ്പുമുണ്ടോ?
3. കേവലം 2700 രൂപ മാത്രമാണ് ഡ്രൈവർക്ക് പ്രതിമാസ ശമ്പളമായി കൊടുത്തിരുന്നതെന്നു കേൾക്കുന്നു. അത് ശരിയാണോ?
4. പിരിച്ചുവിട്ടപ്പോൾ വെറും 23,000 രൂപ മാത്രമാണ് നഷ്ടപരിഹാരമായി കൊടുത്തതെന്നറിയുന്നു. ഇതിൽ സത്യമുണ്ടോ?
5. വേലക്കാരിയെ പിരിച്ചുവിട്ട സംഭവവുമായി ബന്ധപ്പെട്ട ഒരു ചോദ്യം: വേലക്കാരിയുടെ മകന് കെ.സി.ജോണിന്റെ ഇളയ മകന്റെ മുഖഛായയാണുള്ളത് എന്ന് കെ.സി.ജോണിന്റെ സഭയിൽ അംഗങ്ങളായ ചിലർ ഡിഫെൻഡറിനോടു പറഞ്ഞു. ഈ ആരോപണത്തിൽ കഴമ്പുണ്ടോ? ഉണ്ടെങ്കിൽ അതെങ്ങനെ സംഭവിച്ചു? ഓസ്മോസിസാണോ?
6. കെ.സി.ജോണിന്റെ സഹോദരനായ കെ.സി.തോമസിന്റെ ഡ്രൈവറും ഉടൻ പിരിഞ്ഞുപോകുമെന്നറിയുന്നു. എന്താ കാരണം? (ഈ ചോദ്യത്തിനുള്ള മറുപടി കെ.സി.തോമസ് പറഞ്ഞാലും മതി).

(ഇതൊക്കെ തികച്ചും നിഷ്ക്കളങ്കങ്ങളായ ചോദ്യങ്ങളാണേ. ഇവയിൽ ദുരുദ്ദേശമാരോപിക്കുന്നവർ ഒരടിസ്ഥാനവുമില്ലാതെ ആരോപണമുന്നയിക്കയാണ്.)

# ബഥനിയിൽ എന്തോ നടക്കുന്നു

ബഥനി എന്നു കേട്ട് പേടിക്കേണ്ട, വെണ്ണിക്കുളത്തെ ബഥനിയുടെ കാര്യമല്ല പറഞ്ഞുവരുന്നത്. ടി.ജെ.ശാമുവൽ എന്ന പരിശുദ്ധൻ തിരുവനന്തപുരത്ത് ഒരു ബൈബിൾ കോളേജ് നടത്തുന്നുണ്ട്. അതിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്.

എ.ജിക്കാർ എ.ജിയുടേതെന്ന് വിശ്വസിക്കുന്നതും അങ്ങനെ വിശ്വസിപ്പിക്കാൻ ടി.ജെ.ശാമുവൽ നിരന്തരം ശ്രമിച്ചുവരുന്നതുമായ ഈ ബൈബിൾ കോളേജിന്റെ പേര് ബഥനി എന്നാണെന്ന് അറിയുന്നു. (ബഥേലിനു ബദലായി ബഥനി.) ഈ സ്ഥാപനം സത്യത്തിൽ ടി.ജെ.ശാമുവലിന്റെ സ്വന്തമാണ്. അതുകൊണ്ട് ടി.ജെയുടെ ഏതെങ്കിലും ശിങ്കിടിയാണ് ഇവിടത്തെ ഭരണം നടത്തുന്നത്. ഇപ്പോഴും അങ്ങനെതന്നെ. പക്ഷേ ഇപ്പോഴത്തെ ശിങ്കിടി ഇമ്മിണി വലിയ ശിങ്കിടിയാണ്. അതുകൊണ്ട് ടി.ജെക്കുപോലും അയാളെ നിയന്ത്രിക്കാൻ കഴിയുന്നില്ല എന്നുമാത്രം. ഈ മാന്യൻ ടി.ജെയേപ്പോലെതന്നെ പരിശുദ്ധനാണ്. പിന്നെ പണ്ട് നമ്പൂതിരിമാർക്കുണ്ടായിരുന്നതുപോലെ ചില നേരമ്പോക്കുകളൊക്കെയുണ്ടെന്നു മാത്രം. അത് ഒരു തെറ്റല്ലല്ലോ. പക്ഷേ നാട്ടുകാർക്ക് അതൊന്നും അത്ര പിടിച്ചില്ല. അവർ കൈവയ്പ് ശുശ്രൂഷയിലൂടെ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചു. ആകെ ഗുലുമാലായി. ഗ്രാഡുവേഷന്റെ തീയതി അടുത്തുവരുന്നു. ആ ചടങ്ങ് അലങ്കോലമാകുമോ എന്നാണ് വിദ്യാർത്ഥികളുടെ പേടി.



# ധൃതിവെക്കാതെ മോനായീ

അബ്രഹാമിന് സന്തതിയെ കൊടുക്കാമെന്നു ദൈവം പറഞ്ഞു. പക്ഷേ അബ്രഹാമിന് അല്പം ധൃതി കൂടിപ്പോയി. അതുകൊണ്ട് യിശ്മായേലുണ്ടായി. വാഗ്ദത്ത സന്തതിക്ക് എന്നും പാരയുമായി. മോനായിക്കും ഈയിടെയായി അല്പം ധൃതിയാണ്. റ്റി.എസ്.ബാലനെ ഉടൻ ഒതുക്കണം, ഡിഫെൻഡർ പൂട്ടിക്കണം എന്നൊക്കെയാണ് മോഹം. ദയവായി അല്പം ക്ഷമിക്കാൻ മോനായി തയ്യാറാകണം. കാരണമുണ്ട്: റ്റി.എസ്.ബാലന്റെ ആരോഗ്യസ്ഥിതി അത്ര നല്ലതല്ല. അധികകാലം ഇങ്ങനെ മുൻപോട്ടു പോകുകയുമില്ല. ബാലന്റെ കഥ കഴിയുന്നതോടെ ഡിഫെൻഡർ ഇല്ലാതാകും. അതോടെ മോനായിക്ക് മനസ്സമാധാനമായിട്ട് ഏതു തട്ടിപ്പും നടത്താം. അതുകൊണ്ട് അല്പം ക്ഷമിക്കുക. പക്ഷേ ബാലൻ ജീവനോടെ ഇരിക്കുമ്പോൾ ഡിഫെൻഡർ പൂട്ടിക്കാമെന്ന് പൊന്നുമോൻ മോഹിക്കേണ്ട, ട്ടോ.

# ഗായകനെ കണ്ടവരുണ്ടോ?

കെ.സി.ജോണിന്റെ സഭയിലെ കൺവെൻഷന് പാട്ടുപാടാൻ ഒരു ഗായകനെത്തി. വെറുതെ എത്തിയതല്ല, കെ.സിയുടെ ഇളയ സന്തതി എവിടെനിന്നോ തേടിപ്പിടിച്ചു കൊണ്ടുവന്നതാണ്. ഈ വിദ്വാൻ ഒരു ദിവസം പാടുകയും ചെയ്തു. പക്ഷേ പാടുക മാത്രമല്ല ശരിക്കും ഡാൻസ് കളിക്കയും ചെയ്തു. കുറച്ചധികം കോക്കാംപീച്ചികൾ കണ്ടിട്ടുള്ളവരാണ് കെ.സിയുടെ സഭയിലെ വിശ്വാസികളും നാട്ടുകാരുമെങ്കിലും ഇവന്റെ ഡാൻസ് സഹിക്കാനുള്ള കഴിവ് അവർക്കില്ലാതെ പോയി. അതുകൊണ്ട് അവർ ഒന്നടങ്കം ക്ഷോഭിച്ചു. പിറ്റേന്ന് നേരം വെളുക്കുമ്പോൾ ഗായകനെ ആ ദേശത്തെങ്ങും കണ്ടുപോകരുതെന്ന് അന്ത്യശാസനവും കൊടുത്തു. ഭാഗവതർക്ക് കാര്യം പിടികിട്ടി. നേരം വെളുത്തപ്പോൾ ഗായകൻ നെടുമ്പ്രത്ത് നഹി.

# കുഴിക്കാലയുടെ മാനസാന്തരം അവസാനിച്ചു

കുഴിക്കാല മാനസാന്തരപ്പെട്ടെങ്കിൽ അത് ആദ്യം അറിയുക വർഗീസ് ജോർജ് ആയിരിക്കും. അത്രക്കു വലിയ ദ്രോഹമാണല്ലോ കുഴിക്കാല വർഗീസ് ജോർജിനോടു ചെയ്തത്. പക്ഷേ താനിതാ മാനസാന്തരപ്പെടുന്നു എന്ന് കുഴിക്കാല പ്രഖ്യാപിച്ചെങ്കിലും കൂടുതൽ തട്ടിപ്പു നടത്താനായി അല്പം ഇടവേള കിട്ടാനുള്ള അടവായിരുന്നു അത്. അതു മനസ്സിലാക്കിയിട്ടാണ് മൂത്ത മാനസാന്തരം മൂന്നുമാസം എന്ന് ഡിഫെൻഡർ എഴുതിയത്. അത് ഇപ്പോൾ ശരിയായിരിക്കുന്നു. പഴയ പണി കുഴിക്കാല പൂർവ്വാധികം ശക്തിയിൽ പുനരാരംഭിച്ചിരിക്കുന്നു. തട്ടിപ്പ്, വെട്ടിപ്പ് തുടങ്ങിയവയോടൊപ്പം ബ്ലാക് മെയിലിംഗ്, ഗുണ്ടാപ്പിരിവ് തുടങ്ങിയ കലാകായിക പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നതാണ് പ്രത്യേകത. കൂടുതൽ വിശദമായ റിപ്പോർട്ടുകൾ വരും ലക്കങ്ങളിൽ.

# കെ.പി.യോഹന്നാന്റെ വരുമാനം 2006ൽ 200 കോടിയിലധികം രൂപ

വൽസന്റെ വരുമാനം 2006ൽ എട്ടുകോടി രൂപയാണെങ്കിൽ ആർച്ച് വെഷപ്പ് കെ.പി.യോഹന്നാന്റെ വരുമാനം 2006ൽ 200 കോടിയിൽ അധികം രൂപയാണ്. കൂടുതൽ വിവരങ്ങൾ ഇന്റർനെറ്റിലുണ്ട്: http://ecfa.org/MemberProfile.aspx?ID=5294

പ്രത്യേക ശ്രദ്ധക്ക്: ഇത് ബാലന്റെ കണ്ടുപിടുത്തമല്ല, ഇന്റർനെറ്റിലുള്ളതാണ്.

## Financial Data

| | |
|---|---|
| **Revenue** | |
| Cash Donations | $49,917,791 |
| Noncash Donations and Gov't Grants | $383,313 |
| Other Revenue | $373,665 |
| Total Revenue | $50,674,769 |
| **Expenses** | |
| Program | $50,845,854 |
| Administrative | $2,322,654 |
| Fund-Raising | $2,354,817 |
| Total Expenses | $55,523,325 |
| Excess (or Deficit) for the Year | $-4,848,556 |
| Total Assets | $25,722,568 |
| Total Liabilities | $9,603,624 |
| Net Assets | $16,118,944 |



# സൂക്ഷിക്കുക: ഹെവൻലി ഫീസ്റ്റ് കൾട്ടാണ്

ഹെവൻലി ഫീസ്റ്റ് എന്ന പ്രസ്ഥാനം കൾട്ടാണെന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരില്ലെന്നറിയാം. എങ്കിലും പറയട്ടെ: ഈ സംഘടന കൾട്ടാണ്.

ക്രിസ്തീയ കൾട്ടുകൾക്ക് സാധാരണയായി കണ്ടുവരുന്ന പ്രത്യേകതകൾ ഇവയാണ്:

1. ത്രിത്വനിഷേധം.
2. മറ്റൊരു യേശു.
3. ബൈബിളിന് പുതിയ വ്യാഖ്യാനം നൽകുന്നു.
4. ബൈബിൾ മാത്രമായിരിക്കില്ല ആധാരം.
5. കള്ളപ്രവചനം.
6. നേതാവിനെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം.
7. നേതാവു പറയുന്നതെല്ലാം ദൈവവചനമായി അംഗീകരിക്കും
8. തങ്ങൾ മാത്രമാണ് ദൈവസഭയെന്നു വാദിക്കും.
9. രഹസ്യസ്വഭാവം.
10. മറ്റൊരു സുവിശേഷം.

ഇങ്ങനെ പലതുമുണ്ട്. ഈ ലക്ഷണങ്ങളെല്ലാം തികഞ്ഞ കൾട്ടുകളുണ്ട്. പക്ഷേ ഇവയിൽ ഒന്നോ രണ്ടോ ലക്ഷണം കുറവുള്ള കൾട്ടുകളുമുണ്ട്. ഉദാഹരണമായി ശാബതുകാരും റ്റി.പി.എമ്മുകാരും ത്രിത്വത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിലും കൾട്ടിന്റെ മറ്റു ലക്ഷണങ്ങളുണ്ട്. ഹെവൻലി ഫീസ്റ്റും ഇങ്ങനെതന്നെ.

തങ്കുവും കൂട്ടരും ത്രിത്വത്തെ നിഷേധിച്ചതായി അറിവില്ല. പക്ഷേ മറ്റുള്ള എല്ലാ ലക്ഷണങ്ങളുമുണ്ടുതാനും.

തങ്കു പ്രസംഗിക്കുന്ന യേശു ബൈബിളിലെ യേശുവല്ല, മാമ്മോനാണ്. തന്നെ പിൻപറ്റുന്നവർക്ക് എല്ലാവിധ ഭൗതീക അനുഗ്രഹങ്ങളും നൽകുമെന്ന് യേശുക്രിസ്തു പറഞ്ഞിട്ടില്ല, പക്ഷേ തങ്കുവിന്റെ യേശു അങ്ങനെ വാക്കു പറയുന്നു. തങ്കുവിന്റെ പ്രസ്ഥാനത്തിന്റെ അടിത്തറതന്നെ ഭൗതീക നൻമകളാണ്.

തങ്കുവും കൂട്ടരും ബൈബിളിന് പുതിയ വ്യഖ്യാനം നൽകുന്നു. അബ്രഹാമിനു ലഭിച്ച അനുഗ്രഹം ക്രിസ്തുവിലൂടെ ജാതികൾക്കു ലഭിക്കുമെന്ന് ബൈബിൾ പറയുന്നത് ഭൗതീക നേട്ടങ്ങളുണ്ടാകുമെന്ന അർത്ഥത്തിൽ വ്യാഖ്യാനിച്ച് സാധുക്കളെ വഴിതെറ്റിക്കുന്നു. കർത്താവോ ശിഷ്യൻമാരോ ഈ വിധത്തിലുള്ള വ്യാഖ്യാനം നടത്തിയിട്ടില്ല. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വെക്കാൻ മാത്രമേ ബൈബിൾ പറയുന്നുള്ളൂ.



ബൈബിൾ മാത്രം ആധാരമായി സ്വീകരിച്ച് കൾട്ട് ഉണ്ടാക്കാൻ പറ്റില്ല. തങ്കുവിന്റെ പ്രസ്ഥാനത്തിന്റെ ആധാരം തങ്കുവിനു ലഭിക്കുന്ന വെളിപ്പാടുകളാണ്. ഹെവൻലി ഫീസ്റ്റ് എന്ന പേരുപോലും വെളിപ്പാടിനാൽ ലഭിച്ചതാണത്രേ.

As the crowd increased,it was called Br. Thangu's fellowship. This hurt Br.Thangu as he said it is Jesus Christ and not Thangu who heals. It was at this time he prayed to Jesus to give a name for the fellowship. As they were ministering in Madras in 1997,a lady came and said that she had a Word from God for them. Br.Thangu and Br.Thomaskutty and the team prayed with this lady and she prophesied 'Son,do not call your meetings crusades,do not call it festivals, but call it 'Heavenly Feast', for I your God will serve a Heavenly feast through you to the nations of the world'. This name was again attested by another prophecy. Thus the movement came to be named as Heavenly Feast. (theheavenlyfeast.com)

എല്ലാ കൾട്ടിലും കള്ളപ്രവചനമുണ്ടാകും. തങ്കുവിന്റെ കൾട്ടിലും കള്ളപ്രവചനമുണ്ട്. മുകളിൽ കാണുന്നതു കൂടാതെ നിരവധി കള്ളപ്രവചനങ്ങൾ തങ്കുവിന്റെ വെബ്സൈറ്റിലുണ്ട്. (www.theheavenlyfeast.com)

ഹെവൻലി ഫീസ്റ്റിന്റെ ജീവാത്മാവും പരമാത്മാവും തങ്കുവാണ്. തങ്കുവിനെ കേന്ദ്രീകരിച്ചാണ് എല്ലാം നടക്കുന്നത്. തങ്കു പറയുന്നത് ചോദ്യം ചെയ്യാതെ അനുസരിക്കണം. ഈ പ്രസ്ഥാനം ആരംഭിച്ചതുതന്നെ തങ്കുവിന് ലഭിച്ച പ്രത്യേക അഭിഷേകത്തിലൂടെയാണ്. വെബ്സൈറ്റിൽ ആ സംഭവം വിവരിക്കുന്നുണ്ട്.

Pastor Amos A Singh gave a very powerful message and explained about 3 visions he had at that time:

1. A fish was hooked on a fishing line two times but the fish ate the bait and escaped but on the third time the hook caught on its ribs.

• Bro. Thangu's appendix burst and the body was septic. He was operated for eight hours and was spared.This was the first hook but he escaped.

• Steven Johnson's Syndrome . This was the second hook but this time also he escaped.

• Accident was the third hook which caught it on it's ribs. Br.Thangu slowly moved his hands over his ribs which were fractured during the accident .

2. The second vision was 'on a sea shore,an old lady and a young child having a severe argument'.The old woman arguing with the young child was all the traditional churches and movements. The young child was the new revival movement which the Lord Jesus was to start through Br Thangu.

3. The third vision was that while Pastor Amos Singh was ministering, a drop of oil fell on his forehead and it flowed down in abundance to become a great revival movement all over the world. The revival was to start from Kottayam and that fire to spread all over the world.

നിലവിലുള്ള എല്ലാ സഭകളും കിഴവികളാണെന്നും ദൈവം തങ്കുവിലൂടെ ആരംഭിക്കുന്ന ഹെവൻലി ഫീസ്റ്റാണ് യഥാർത്ഥ സഭയെന്നും ആമോസ് സിംഗിന് വെളിപ്പാടുകിട്ടി. അങ്ങനെ ആരംഭിച്ച ഹെവൻലി ഫീസ്റ്റ് മാത്രമാണ് യഥാർത്ഥ ദൈവസഭ. (പോരേ പൂരം).

ആമോസ് സിംഗ് പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ അദ്ദേഹത്തിന്റെ നെറ്റിയിൽ ഒരു തുള്ളി എണ്ണ വീണു. അത് മഹാപ്രവാഹമായി, ഉണർവ്വായി മാറി. ലോകമെമ്പാടും വ്യാപിക്കാൻ പോകുന്ന ആ ഉണർവ്വ് കോട്ടയത്തുനിന്നാണ് അരംഭിക്കുന്നത്. തങ്കുവിന് ലഭിച്ച അഭിഷേകം ഇതാണ്. തങ്കുവിന്റെ സഭയാണ് ലോകത്തെ ഉണർത്താനായി ദൈവം ഒരുക്കിയിരിക്കുന്നത്.

In 1998,december 27, Br.Thangu was in fasting prayer at home for 10 days. At night,the Spirit of the Lord woke him up and asked him to walk in a specific direction.He walked towards Kottayam town and was led to one of the tallest buildings in Kottayam.The Spirit of the Lord showed Kottayam and the surrounding area.He rebuked the evil powers over Kottayam and started praying for the perishing souls of Kottayam. From then he could see many people of the town who were once lost and shattered with no hope getting saved and enjoying the love of God.

എല്ലാ കൾട്ടുകളേയും പോലെ തങ്കുവിന്റെ കൾട്ടും രഹസ്യങ്ങളുടെ കലവറയാണ്. എല്ലാവർക്കും എല്ലാം അറിയാമെന്നു തോന്നുമെങ്കിലും ആർക്കുംഒന്നും അറിഞ്ഞുകൂടാ. എല്ലാം അറിയാവുന്നത് തങ്കുവിനു മാത്രം. ചില കാര്യങ്ങൾ തോമസ്കുട്ടിക്കും അറിയാം. അത്രതന്നെ. ഇനി പറയൂ, ഇതു കൾട്ടല്ലേ? ഇതു സാത്താന്യമല്ലേ?



# ആമോസ് സിംഗ് ഭൂതഗ്രസ്തൻ

കള്ളപ്രവാചകനും വിവരംകെട്ടവനും ശുദ്ധ കള്ളനുമായ ആമോസ് സിംഗിനു ലഭിച്ച മൂന്നു ദർശനങ്ങളിൽ അധിഷ്ഠിതമാണ് തങ്കുവിന്റെ സഭ. അതിൽനിന്നുതന്നെ ഹെവൻലി ഫീസ്റ്റിന്റെ സാത്താന്യ സ്വഭാവം വ്യക്തമാകുന്നതാണ്. ആമോസ് സിംഗ് എന്നും വിവരക്കേടുകളാണ് പ്രസംഗിച്ചിട്ടുള്ളത്. ഈയിടെ ഈ വിദ്വാൻ ബോംബെയിൽ നടത്തിയ പ്രസംഗത്തിന്റെ രത്നച്ചുരുക്കം ഇതാണ്:

ആമോസ് സിംഗിനെ പ്രസംഗിക്കാൻ വിളിക്കുന്നവർ ഭാഗ്യവാൻമാർ. കാരണം, ഇരുട്ടിലിരുന്ന ജനം വലിയൊരു വെളിച്ചംകണ്ടു എന്നു പറയുന്നതുപോലെയുള്ള അനുഭവമാണ് അവർക്കുണ്ടാകുന്നത്. ആമോസ് സിംഗിനോടൊപ്പം മോശെയും ഏലിയാവും എപ്പോഴുമുണ്ട്. മോശെ ആമോസ് സിംഗിന്റെ വലതുവശത്തും ഏലിയാവ് ഇടതുവശത്തും നിൽക്കുന്നു. അവരാണ് ആമോസ് സിംഗിന്റെ വഴികാട്ടികൾ. അതുകൊണ്ട് ജനത്തെ അനുഗ്രഹിക്കാൻ ആമോസ് സിംഗ് പ്രസംഗത്തിനിടയിൽ പലപ്പോഴും അവരോട് ആവശ്യപ്പെടുകയും ചെയ്യുന്നു. മാത്രമല്ല എല്ലാവിധ ശുശ്രൂഷകളും ചെയ്യാൻ ഇയാൾ മോശെയുടേയും ഏലിയാവിന്റേയും സഹായം ആവശ്യപ്പെടുകയും ചെയ്യുന്നുണ്ടായിരുന്നു. സഭക്ക് അപ്പൊസ്തോലിക അടിത്തറ നൽകുന്നത് ഏലിയാവും പ്രാവചനിക അടിത്തറ നൽകുന്നത് മോശെയുമാണ്. അതുകൊണ്ടാണ് ഇവരുടെ സഹായം നമുക്ക് ആവശ്യമായിരിക്കുന്നത്.

താൻ ദർശനത്തിൽ ഒരു അമ്മയേയും കുഞ്ഞിനേയും കണ്ടു എന്ന് ആമോസ് സിംഗ് പറഞ്ഞു. കുഞ്ഞ് വടക്കോട്ട് ഓടുകയാണ്. ഇന്ത്യ മുഴുവൻ നിറയുന്ന ഒരു ഉണർവ്വ് അടുത്ത ഏഴു കൊല്ലത്തിനകം ഉണ്ടാകുമെന്നത്രേ ഇതിന്റെ അർത്ഥം. (തങ്കുവിനോടു പറഞ്ഞ ദർശനത്തിൽ ഒരു കിഴവിയും കുഞ്ഞുമാണ് ഉണ്ടായിരുന്നത്).

സാത്താൻ മനുഷ്യരുടെ കുതികാൽ തകർക്കും. അത് തടയാൻ നാം ഷൂസ് ധരിക്കണം. എന്താണ് ഷൂസ്? അത് ദൈവമക്കളുടെ ഐക്യമാണ്. (ഭേഷ്).

ഹാ, ബുദ്ധിയില്ലാത്ത പെന്തക്കോസ്തുകാരേ, ഇത്തരം വിഡ്ഢികളെ വിളിച്ചുകൊണ്ടുവന്ന് പ്രസംഗിപ്പിക്കത്തക്കവിധം നിങ്ങൾ അധ:പതിച്ചതെങ്ങനെ?ഇതൊക്കെ വിവരക്കേടാണെന്നു തിരിച്ചറിയാത്തതെന്ത്?

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# വൽസൻ ഏബ്രഹാം സത്യസന്ധനാണെന്നോ?

വൽസൻ ഏബ്രഹാമിന്റെ വരുമാനത്തേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ വായിച്ച് നിരവധി ആളുകൾ കത്തിലൂടെയും ഫോണിലൂടെയും പ്രതികരിക്കയുണ്ടായി. കേവലം അഞ്ചു രൂപ മാത്രം ബാങ്ക് ബാലൻസ് ഉണ്ടായിരുന്ന കെ.ഇ.ഏബ്രഹാമിന്റെ കൊച്ചുമകന് 2006ൽ മാത്രം എട്ടുകോടി രൂപ വരുമാനമുണ്ടായി. ഈ സത്യം പുറത്തുകൊണ്ടുവന്നതിന് അഭിനന്ദനം അറിയിച്ചവർ നിരവധി.

അഭിനന്ദനം മാത്രമേ ഉണ്ടായുള്ളൂ എന്ന് ആരും കരുതരുത്. അമ്മയെ തല്ലിയാലും രണ്ടു പക്ഷം എന്നു പറഞ്ഞതുപോലെ ഈ കള്ളനേക്കുറിച്ചെഴുതിയത് മഹാപാപമായിപ്പോയെന്നും ഇത് സാത്താന്റെ പണിയാണെന്നും ഈ മഹാപാപം ചെയ്ത റ്റി.എസ്. ബാലൻ നരകത്തിൽ പോകുമെന്നും പ്രഖ്യാപിച്ച വിഡ്ഢികളുമുണ്ട്. സൗദിയിലെ ഫിലിപ്പ് ഒരു സഹോദരനെ കബളിപ്പിച്ച വിഷയത്തേക്കുറിച്ച് ഡിഫെൻഡറിൽ വന്ന വാർത്ത സ്വർഗ്ഗീയധ്വനിയുടെ ഡിസ്കഷൻ ബോർഡിൽ വലിയ ചർച്ചയായിട്ടുണ്ട്. ഇതേപ്പറ്റി പറയുന്നതിനിടയിൽ ബാലനെന്ന മഹാപാപിയെ ചിലർ രൂക്ഷമായി ശകാരിക്കുന്നുമുണ്ട്. ഫിലിപ്പിന്റെ തട്ടിപ്പിനേക്കുറിച്ച് ചർച്ച ചെയ്യുന്നതിനിടയിൽ വൽസനെ ന്യായീകരിക്കാനും ബാലനെ പുലഭ്യം പറയാനും ചിലർ മറക്കുന്നില്ല. അത്തരം രണ്ടു കുറിപ്പുകളുടെ പ്രസക്ത ഭാഗങ്ങൾ ഇതാ: (http://sdpathram.com/forum/forums/2/2626/ShowThread.aspx)

1. As for Mr. Balan great discovery of Valson Abraham's annual income of 8 corers. That is not at all Mr. Balan's discovery it is in public domain for quite sometimes. Any one with an internet connection and a computer can find that since Bro. Valsan has given his audited account to that particular group and it is from their website Balan DISCOVERED it. We need to appreciate Valsan who is adhering to highest form of ethical value for God's money. His ministry is auditing the account. That account is given to an outside agency to scrutinize and ultimately put for public view. That 8 corers is not Valsan's money but India Gospel OutReach income which was meant for India Bible College and other affiliated ministries. Mr. Balan failed to mention that is what his sensational news and the ulterior method of devil.

**2.** In reference to Rev. Valson Abraham's income article in TS Balan's defender paper, he didn't bother to state the expenses. If you click on the following link, you will get the exact information what ECFA has on India Gospel Outreach. IGO has spend more than 80% of it's income for outreach work.
http://ecfa.org/MemberProfile.aspx?ID=10603
For those who don't know what ECFA is, it stands for Evangelical Council for Financial Accountability. What do they do? Quoting from their website: "ECFA is an accreditation agency dedicated to helping Christian ministries earn the public's trust through adherence to seven Standards of Responsible Stewardship. Founded in 1979, it is comprised of over 2,000 evangelical Christian organizations, which qualify for tax-exempt, nonprofit status and receive tax-deductible contributions to support their work. ECFA's Standards of Responsible Stewardship focus on board governance, financial transparency, integrity in fund-raising, and proper use of charity resources."

വൽസനോടുള്ള ഭക്തിമൂത്ത് ശുദ്ധ ഭോഷ്ക്കും വിവരക്കേടും പറയുകയാണിവർ. ഇതിനുള്ള മറുപടി അവിടെത്തന്നെ എഴുതാമെന്ന് ആദ്യം കരുതിയെങ്കിലും അനാവശ്യ വിവാദമുണ്ടാക്കി സ്വർഗ്ഗീയധ്വനിയെ ബുദ്ധിമുട്ടിക്കാൻ ആഗ്രഹമില്ലാത്തതുകൊണ്ട് ഡിഫെൻഡറിൽതന്നെ മറുപടി എഴുതുകയാണ്.

വൽസന്റെ സ്വത്തിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ബാലന്റെ കണ്ടുപിടുത്തമല്ലെന്നും അത് ഇന്റർനെറ്റിൽ കുറെ കാലമായി ഉണ്ടായിരുന്നു എന്നുമാണ് ആദ്യത്തെ കുറ്റാരോപണം. വിചിത്രമായ ഒരു ആരോപണമാണിത്. കാരണം, വൽസന്റെ സ്വത്തിനെ സംബന്ധിച്ച വിവരങ്ങൾ ഇന്റർനെറ്റിൽ നിന്നാണ് എടുത്തതെന്ന് ബാലൻതന്നെ വ്യക്തമാക്കിയിരുന്നു. മാത്രമല്ല ഈ വിവരങ്ങൾ ലഭിക്കുന്ന ലിങ്കുകളും കൊടുത്തിരുന്നു. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് വിവരങ്ങൾ നേരിൽ വായിച്ചറിയാനാണ് ലിങ്കുകൾ കൊടുത്തത്. വസ്തുതകൾ ഇങ്ങനെയിരിക്കെ വെറുതെ ബാലനെ അവഹേളിക്കുന്നതെന്തിന്?

വൽസന്റെ കണക്കുകൾ ഓഡിറ്റ് ചെയ്തതാണ് എന്ന് ഈ അജ്ഞാതൻ പറയുന്നു. അത് തികച്ചും സ്വാഭാവികമായ കാര്യമാണ്. ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ച് എന്നത് ചാരിറ്റബിൾ സംഘടനയാണ്. അമേരിക്കൻ നിയമമനുസരിച്ച് അതിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതുമാണ്. വൽസൻ പുണ്യാളനായതുകൊണ്ട് കണക്ക് ഓഡിറ്റ് ചെയ്തതല്ല എന്ന് ചുരുക്കം.

വൽസൻ ആ പ്രസ്ഥാനത്തിന് ഓഡിറ്റ് ചെയ്ത കണക്ക് കൊടുത്തതുകൊണ്ടാണ് അവർ പ്രസിദ്ധീകരിച്ചതെന്നതു ശരിതന്നെ. പക്ഷേ വൽസന്റെ പരിശുദ്ധിയുടെ ഫലമായല്ല ഇങ്ങനെ ചെയ്തത്. ഈ സംഘടനക്ക് കണക്ക് കൊടുക്കുന്ന പ്രസ്ഥാനങ്ങൾക്ക് വിശ്വാസ്യത കൂടും. വരും വർഷങ്ങളിൽ കൂടുതൽ പണം ലഭിക്കാൻ ഈ പുണ്യാളൻകളി സഹായകമാകും. കൂടുതൽ പണം തട്ടാനുള്ള അടവിന്റെ ഭാഗമാണ് ഈ കണക്കുകൊടുക്കൽ.

ദൈവനാമത്തിൽ പിരിക്കുന്ന പണം ശരിയായ വിധത്തിൽ വിനിയോഗിക്കുന്ന വൽസനെ അഭിനന്ദിക്കണമെന്ന് അജ്ഞാതൻ പറയുന്നു. ഭേഷായി. പെന്തക്കോസ്തിലെ ഏറ്റവും



വലിയ കള്ളൻമാരിൽ ഒരാളാണ് വൽസൻ. ദൈവനാമത്തിൽ പണം പിരിച്ച് സ്വന്തം കീശ വീർപ്പിക്കുന്ന നീചൻ. ഇവനെ എരുമച്ചാണകത്തിൽ മുക്കിയ ചൂലുകൊണ്ട് അടിക്കയാണു വേണ്ടത്.

വൽസനു ലഭിക്കുന്ന പണം ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ചിനു ലഭിക്കുന്ന പണമാണെന്നും അത് പറയാത്ത ബാലൻ സാത്താന്റെ വേലയാണ് ചെയ്യുന്നതെന്നും ഈ അജ്ഞാതൻ പ്രഖ്യാപിക്കുന്നു. എന്താണ് മാളോരേ ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ച്? വൽസനും കുടുംബാംഗങ്ങളും മാത്രം ഉൾപ്പെടുന്ന ഒരു സംഘടന. വൽസനാണ് ഈ സംഘടനയുടെ ജീവാത്മാവും പരമാത്മാവും. ഈ സംഘടനയ്ക്കു ലഭിക്കുന്ന പണം എങ്ങനെ വിനിയോഗിക്കണമെന്നു തീരുമാനിക്കുന്നതും വൽസൻ തന്നെ. പിന്നെന്തിന് ഇത്തരം ഒരു സംഘടന ഉണ്ടാക്കിയിരിക്കുന്നു. അതിന് പല കാരണങ്ങളുണ്ട്.

1. വൽസൻ സ്വന്തം അക്കൗണ്ടിലേക്ക് പണം ചോദിച്ചാൽ മിക്കവരും കൊടുക്കില്ല. പക്ഷേ ഇന്ത്യയെ സുവിശേഷീകരിക്കാനെന്നു പറഞ്ഞ് സംഘടനയുണ്ടാക്കി ചോദിക്കുമ്പോൾ കൊടുക്കും. വൻതോതിൽ പണം കിട്ടാൻ സംഘടന കൂടിയേ കഴിയൂ.
2. ഇത്തരം സംഘടനകൾക്കു പണം കൊടുത്താൽ അമേരിക്കയിൽ നികുതി ഇളവ് ലഭിക്കും. അതുകൊണ്ട് ജനങ്ങൾ സംഭാവന നൽകാൻ തയ്യാറാകും.
3. വൽസനും സ്വന്തക്കാരും മാത്രമുള്ള ഈ സംഘടനയ്ക്കു ലഭിക്കുന്ന പണം സ്വന്തം പണം പോലെ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടില്ല. അങ്ങനെ ദൈവനാമത്തിൽ പണക്കാരനാകാം.
4. ഇത്തരം സംഘടനക്കു ലഭിക്കുന്ന പണത്തിന് അമേരിക്കയിൽ നികുതി നൽകേണ്ടതില്ല.

ഇങ്ങനെ നിരവധി ഗുണങ്ങൾ ഉള്ളതുകൊണ്ടാണ് വൽസനേപ്പോലുള്ളവർ സംഘടനയുണ്ടാക്കുന്നത്. ഇത്തരം സംഘടനകൾക്കു ലഭിക്കുന്ന പണം സംഘടനയുടെ നേതാവിന്റെ പണമായി മാറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് 2006ൽ ലഭിച്ച എട്ടുകോടി വൽസന്റെ പണം തന്നെ ആണെന്നതിനു സംശയമില്ല.

പണം കിട്ടിയ കാര്യം മാത്രമേ ബാലൻ പറയുന്നുള്ളു എന്നും ചെലവിന്റെ കാര്യം പറയുന്നില്ലെന്നുമാണ് രണ്ടാമന്റെ കണ്ടുപിടുത്തം. ഇയാളുടെ കണ്ണിന് എന്തോ തകരാറുണ്ടെന്നു തീർച്ച. അല്ലെങ്കിൽ ഇങ്ങനെയൊക്കെ പറയുമോ? കഴിഞ്ഞലക്കം ഒരുവട്ടംകൂടി വായിക്കുക. വൽസന്റെ വരവും ചെലവും അടങ്ങുന്ന അക്കൗണ്ടാണ് ഡിഫെൻഡറിൽ കൊടുത്തിരിക്കുന്നത്. വിശദ വിവരം ലഭിക്കുന്ന ലിങ്കുകളും ഡിഫെൻഡറിൽ കൊടുത്തിട്ടുണ്ട്. ആ ലിങ്കുതന്നെയാണ് ഇയാളും കൊടുത്തിരിക്കുന്നത്. കുറെ മണ്ടൻമാരെ കബളിപ്പിക്കാൻ ഇയാൾക്കു കഴിയുമെന്നല്ലാതെ ഒരു ഗുണവും ഇത്തരം തറവേലകൾകൊണ്ടുണ്ടാകില്ല.

വൽസനു ലഭിച്ച പണം സുവിശേഷവേലക്കു ചെലവാക്കി എന്ന വാദത്തേക്കുറിച്ച് അല്പം വിശദമാക്കേണ്ടതുണ്ട്. വൽസൻ എങ്ങനെയാണ് ഈ പണം ചെലവാക്കിയത്? പറയാം. ഇന്ത്യയിൽ വൽസനും കുടുംബക്കാരും ശിങ്കിടികളും മാത്രം അടങ്ങുന്ന (ആകെ ഏഴുപേർ) കെ.ഇ.ഏബ്രഹാം ഫൗണ്ടേഷൻ എന്നൊരു സംഘടനയുണ്ട്. ഈ സംഘടനയ്ക്കാണ് വൽസൻ പണം കൊടുത്തത്. വളച്ചു കെട്ടാതെ പറഞ്ഞാൽ കൊടുത്തതും വൽസൻ. വാങ്ങിയതും വൽസൻ. കണക്ക് ക്ലീൻ. അമേരിക്കയിലെ ഓഡിറ്റർ നോക്കുമ്പോൾ വരുമാനത്തിന്റെ 80% സുവിശേഷവേലയ്ക്കായി ഇന്ത്യയിലേക്ക് അയച്ചിരിക്കുന്നു. ഒരു കുഴപ്പവുമില്ല. പക്ഷേ ഈ പണം ലഭിച്ചത് വൽസന്റെ സ്വന്തം സംഘടനയ്ക്കുതന്നെയാണെന്ന വസ്തുത അമേരിക്കയിലെ ഓഡിറ്റർക്ക് മനസ്സിലാകില്ല. മനസ്സിലായാലും നിയമപരമായി നടപടിയെടുക്കാനുമാവില്ല. സംഗതി പിടികിട്ടിയോ മാളോരേ?

വൽസൻ പിരിച്ചുണ്ടാക്കിയ പണം ഐ.പി.സിക്കാണ് കൊടുത്തതെങ്കിൽ ഡിഫെൻഡർ വൽസനെ അഭിനന്ദിക്കുമായിരുന്നു. കാരണം, ഐ.പി.സി എന്നത് ആരുടേയും കുടുംബസ്വത്തല്ല. ഐ.പി.സിക്കു ലഭിക്കുന്ന പണം വൽസന് ഇഷ്ടമുള്ളതുപോലെ വിനിയോഗിക്കാനുമാവില്ല. പക്ഷേ അതല്ലല്ലോ വൽസൻ ചെയ്യുന്നത്. അമേരിക്കയിലുള്ള സ്വന്തം സംഘടനയിൽ നിന്ന് ഇന്ത്യയിലുള്ള സ്വന്തം സംഘടനക്ക് പണം അയച്ച് അമേരിക്കൻ സർക്കാരിനെ കബളിപ്പിക്കുന്നു. ഇങ്ങനെ ഇന്ത്യയിലെത്തുന്ന പണം തനിക്കു തോന്നിയതു പോലെ ചെലവാക്കുകയും കള്ളക്കണക്കെഴുതി ഇന്ത്യൻ സർക്കാരിനെ കബളിപ്പിക്കയും ചെയ്യുന്നു. സാക്ഷാൽ യൂദാസുപോലും ഇവനു ശിഷ്യപ്പെടണം.

വൽസനെ വെള്ളപൂശാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന വിദ്വാൻമാരോടു ചോദിക്കട്ടെ: അടുത്ത കാലം വരെ ഐ.പി.സിയുടെ നേതൃത്വത്തിൽ ടി.എസ്. ഏബ്രഹാം ഉണ്ടായിരുന്നല്ലോ. ഇപ്പോൾ വൽസൻ ജനറൽ സെക്രട്ടറിയുമാണ്. അമേരിക്കയിൽ നിന്ന് പിരിച്ചുണ്ടാക്കുന്ന പണം വൽസൻ ഐ.പി.സിക്ക് സംഭാവന ചെയ്യാത്തതെന്ത്? മുഴുവൻ കൊടുത്തില്ലെങ്കിലും വേണ്ടില്ല, പകുതിയെങ്കിലും കൊടുക്കരുതോ? കൊടുക്കില്ല. കാരണം, ഇവന്റെയൊക്കെ ലക്ഷ്യം സുവിശേഷഘോഷണമല്ല സുവിശേഷമോഷണമാണ്, സുവിശേഷത്തിന്റെ പേരുപറഞ്ഞുള്ള പകൽക്കൊള്ളയാണ്. ഇങ്ങനെയുള്ള കള്ളൻമാരേയും ശിങ്കിടികളേയും ഇവനെയൊക്കെ ചുമന്നുകൊണ്ടു നടക്കുന്നവരേയും മുക്കാലിയിൽ കെട്ടി അടിക്കാൻ നിയമമുണ്ടായാലേ നാടു നന്നാകൂ.

ഈ കണക്കുകൾ പ്രസിദ്ധീകരിച്ച സംഘടനയേക്കുറിച്ച് രണ്ടാമൻ പറയുന്നത് ശരിതന്നെ. ബാലൻ അത് നിഷേധിച്ചിട്ടുമില്ല.

ഇത്രയുമൊക്കെ പറഞ്ഞതുകൊണ്ട് ചോദിക്കട്ടെ: വൽസന്റെ വരുമാനത്തേപ്പറ്റി ബാലൻ എന്തെങ്കിലും കള്ളം പറഞ്ഞോ? ഇല്ലെന്നു വ്യക്തം. തികച്ചും സത്യസന്ധമായ വിവരങ്ങൾ മാത്രമാണ് ബാലൻ എഴുതിയത്. എന്നിട്ടും ഈ അജ്ഞാതൻമാർ ബാലനെ സാത്താന്റെ വേലക്കാരനാക്കുന്നു. വിചിത്രം തന്നെ.



RNI No. 68089 / 97
2008 February 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# ഐ.സി.പി.എഫിനെ വഴിതെറ്റിക്കരുത്

നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു പ്രസ്ഥാനമാണ് ഐ.സി.പി.എഫ്. അതുകൊണ്ടാണ് നാളിതുവരെ ഡിഫെൻഡർ ഐ.സി.പി.എഫിനെ വിമർശിക്കാതിരുന്നത്. എന്നാൽ അടുത്ത കാലത്തായി ഐ.സി.പി.എഫിന് വഴിതെറ്റുന്നോ എന്ന് ഡിഫെൻഡർ സംശയിക്കുന്നു. അതുകൊണ്ട് ഒരു മുന്നറിയിപ്പ് എന്ന നിലയ്ക്കാണ് ഈ കുറിപ്പെഴുതുന്നത്.

ഐ.സി.പി.എഫിനെ മറ്റു സംഘടനകളിൽ നിന്നും വ്യത്യസ്ഥമാക്കുന്ന ഘടകങ്ങൾ ഏവയെന്ന് ആദ്യം പറയാം.

1. സാമ്പത്തിക വെട്ടിപ്പില്ല.

ഭൂരിപക്ഷം ആത്മീയ സംഘടനകളും അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുമ്പോൾ സാമ്പത്തിക രംഗത്ത് ഏവർക്കും മാതൃകയായി ഐ.സി.പി.എഫ് നിലകൊള്ളുന്നു. പണം ചെലവാക്കുന്ന കാര്യത്തിൽ ഏറെ ശ്രദ്ധയുള്ളവരാണ് നേതൃസ്ഥാനത്തുള്ളവർ. അതുകൊണ്ട് ദുർച്ചെലവ് പരമാവധി കുറയ്ക്കാൻ കഴിയുന്നു. സാമ്പത്തിക വെട്ടിപ്പ് ഇല്ലെന്നുതന്നെ പറയാം.

ഐ.സി.പി.എഫിനുവേണ്ടി ഫണ്ട് ശേഖരിക്കാൻ വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നവരും തികഞ്ഞ മാതൃകയോടെയാണ് പെരുമാറുന്നത്. ഏതെങ്കിലും പ്രസ്ഥാനത്തിനായി ഫണ്ട് ശേഖരിക്കാൻ എത്തുന്നവർക്ക് രണ്ടു തരത്തിലാണ് വിശ്വാസികൾ പണം നൽകുന്നത്. പ്രസ്ഥാനത്തിന്റെ ഫണ്ടിലേക്ക് ഒരു തുക നൽകും. അതിന് രസീത് വാങ്ങുകയും ചെയ്യും. കൂടാതെ, സ്വന്തം ഉപയോഗത്തിനെന്നു പറഞ്ഞ് കുറെ പണം നൽകും. ഫണ്ട് പിരിക്കാൻ പോയ വ്യക്തിക്കുള്ള സംഭാവനയാണിത്. ഇങ്ങനെയുള്ള പണം ആരും സംഘടനയ്ക്ക് നൽകുകയില്ല. (സംഘടനക്കെന്നു പറഞ്ഞ് കൊടുക്കുന്ന പണം പോലും തട്ടിയെടുക്കാൻ ശ്രമിക്കുന്നവരുമുണ്ട്). എന്നാൽ ഐ.സി.പി.എഫിനുവേണ്ടി ഫണ്ട് ശേഖരിക്കാൻ എത്തുന്നവർ സ്വകാര്യ ആവശ്യത്തിനെന്നു പറഞ്ഞ് നൽകുന്ന പണംപോലും സംഘടനയുടെ കണക്കിൽ ചേർക്കും. അത്ര വിശ്വസ്തമായാണ് ഐ.സി.പി.എഫിന്റെ നേതൃരംഗത്തുള്ളവർ പ്രവർത്തിക്കുന്നത്.

കാര്യമായ ആസ്തിയൊന്നുമില്ലാതെ ആരംഭിച്ച ഐ.സി.പി.എഫ് ഇന്ന് സാമ്പത്തികമായി ഏറെ വളർന്നുകഴിഞ്ഞു. കോടികളുടെ ആസ്തി ഉണ്ടായിട്ടുമുണ്ട്. ഏതെങ്കിലും വ്യക്തിയുടേയോ കുടുംബത്തിന്റേയോ സ്വകാര്യ സ്വത്തായി ഐ.സി.പി.എഫിന്റെ വസ്തുവകകൾ മാറിയിട്ടുമില്ല.

പെന്തക്കോസ്ത് ഉപദേശങ്ങളിൽ വിശ്വസിക്കയും അത് പ്രചരിപ്പിക്കയും ചെയ്യുന്ന സംഘടനയാണ് ഐ.സി.പി.എഫ്. ഈ സംഘടനയുടെ പ്രവർത്തനത്തിലൂടെ കർത്താവിനെ കണ്ടെത്തിയവർ നിരവധിയുണ്ട്.

ഈ പറഞ്ഞതൊക്കെ നല്ല കാര്യങ്ങൾ. ഇത്രയൊക്കെ നൻമകളുള്ള സംഘടനയായതുകൊണ്ടാണ് ഡിഫെൻഡർ ഐ.സി.പി.എഫിനെ നാളിതുവരെ വിമർശിക്കാതിരുന്നതും. പക്ഷേ ഇപ്പോൾ ഐ.സി.പി.എഫിനെ വിമർശിക്കേണ്ട സ്ഥിതി സംജാതമായിരിക്കുന്നു. അതുകൊണ്ട് ചില കാര്യങ്ങൾ പറയുകയാണ്.

ഐ.സി.പി.എഫിന്റെ ബലം അതിന്റെ നേതൃത്വമാണ്. ദുർന്നടപ്പിന്റെ ശ്രുതിപോലുമില്ലാത്തവരും ദ്രവ്യാഗ്രഹം അല്പം പോലുമില്ലാത്തവരുമാണ് ഐ.സി.പി.എഫിന്റെ പ്രധാന നേതാക്കൻമാരെല്ലാം. വിദ്യാസമ്പന്നരായ ഈ നേതാക്കൻമാർ മാന്യതയ്ക്കു ചേരാത്ത ഒന്നും ചെയ്യാറുമില്ല. ഐ.സി.പി.എഫിന് അപമാനം വരുത്തുന്ന പ്രവർത്തനങ്ങൾ ഇവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പക്ഷേ വിശ്വാസ വിഷയത്തിൽ അല്പം അയവ് ഈ ദിവസങ്ങളിൽ ചില നേതാക്കൻമാർക്ക് ഉണ്ടായോ എന്നൊരു സംശയം. വിശദീകരിക്കാം:

ആർച്ച് വെഷപ്പായ കെ.പി.യോഹന്നാന്റെ കൺവെൻഷന് ചില ഐ.സി.പി.എഫ് നേതാക്കൻമാർ പ്രസംഗിക്കുന്നതായി അറിയാൻ കഴിഞ്ഞു. സാക്ഷാൽ ചെകുത്താൻ നടത്തുന്ന കൺവെൻഷനിലും ചെന്ന് സത്യസുവിശേഷം പ്രസംഗിക്കുന്നത് നല്ലതുതന്നെ. കെ.പി.യോഹന്നാന്റെ കൺവെൻഷനിൽ സത്യ സുവിശേഷം പ്രസംഗിക്കാൻ കഴിയുമല്ലോ എന്ന സന്തോഷംകൊണ്ടാണ് ഈ നേതാക്കൻമാർ പോകുന്നതെങ്കിൽ നല്ലതുതന്നെ. പക്ഷേ സത്യ സുവിശേഷം പ്രസംഗിക്കാമല്ലോ എന്ന ചിന്തയല്ല മറിച്ച് കെ.പി.യോഹന്നാൻ കൊടുക്കാനിടയുള്ള കൈമടക്കിലാണ് ഇവരുടെ കണ്ണെന്ന് തോന്നുന്നു. അങ്ങനെയെങ്കിൽ ഇവരെ എതിർക്കാതെ തരമില്ല.

ഗേഹസി വടിയുമായി ഓടിയത് മരിച്ചുകിടക്കുന്ന കുട്ടിയോടുള്ള സ്നേഹക്കൂടുതൽ മൂലമാണോ? ബാലാക്കിന്റെ യോഗത്തിൽ ബിലെയാം പ്രവചിക്കാൻ പോയത് ആത്മീയതയുടെ ആധിക്യം മൂലമാണോ? പണവും പ്രശസ്തിയും കിട്ടാൻ വേണ്ടി നേതാക്കൻമാർ ഓടുന്നത് ആദ്യമായല്ല. അവസാനത്തേതാകുകയുമില്ല. പക്ഷേ യുവജനങ്ങൾക്കു മാതൃകയാകേണ്ടവർ പണത്തിനും പെരുമയ്ക്കും വേണ്ടി വിശ്വാസ സത്യങ്ങളെ ബലികഴിക്കുന്നത് ശരിയായ നടപടിയാണെന്നു തോന്നുന്നില്ല. ഇതു കണ്ടിട്ട് മിണ്ടാതിരിക്കാൻ പറ്റില്ല.

കെ.പി.യോഹന്നാന്റെ യോഗത്തിൽ പ്രസംഗിക്കുന്നത് എങ്ങനെ തെറ്റാകും എന്ന് ചോദിച്ചേക്കാം. ഡിഫെൻഡറിന്റെ മറുപടി ഇതാണ്:

കൂട്ട്, കൂട്ടായ്മ എന്നിങ്ങനെ രണ്ടുതരം ബന്ധങ്ങളുണ്ട്. വീണ്ടുംജനനം പ്രാപിച്ചവരുമായി വിശ്വാസികൾക്ക് കൂട്ടും കൂട്ടായ്മയുമാകാം. രക്ഷിക്കപ്പെടാത്തവരുമായി കൂട്ടാകാം, കൂട്ടായ്മ പാടില്ല. പക്ഷേ പിൻമാറ്റക്കാരോട് കൂട്ടോ കൂട്ടായ്മയോ പാടില്ല. ഇത് ഡിഫെൻഡർ പറയുന്നതല്ല ദൈവവചനം പറയുന്നതാണ്. ഈ പ്രമാണമാണ് ഐ.സി.പി.എഫ് നേതാക്കൻമാർ ലംഘിച്ചിരിക്കുന്നത്.

കെ.പി.യോഹന്നാൻ പിൻമാറ്റക്കാരനാണോ എന്ന് ചോദിക്കുന്നവരുണ്ടാകാം. അതെ എന്നല്ലാതെ മറ്റൊന്നും പറയാനാവില്ല. അറിഞ്ഞ സത്യത്തിൽ നിന്നും പിൻമാറിയവനാണ് കെ.പി.യോഹന്നാൻ. ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങളിൽ വിശ്വസിച്ചിരുന്ന ഇദ്ദേഹം ആ വിശ്വാസം പരിത്യജിച്ചു. ബിലീവേഴ്സ് ചർച്ച് എന്ന സംഘടനയുടെ ആർച്ച് ബിഷപ്പാണ് ഈ ചങ്ങാതി. പേരുകൊണ്ടു മാത്രമല്ല വേഷം കൊണ്ടും ഇയാൾ വെഷപ്പാണ്. പട്ടത്വസഭകളിലുള്ള എല്ലാ നടപടികളും കെ.പിയുടെ സഭയിലുമുണ്ട്. മാർതോമ്മായും സി.എസ്.ഐയും പോലെ ഒരു പട്ടത്വ സഭയാണിത്.

ഈ ലോകം നൽകുന്ന ബഹുമാനം നേടാനായി അറിഞ്ഞ സത്യത്തെ വിറ്റവനാണ് കെ.പി.യോഹന്നാൻ. ഇത്തരത്തിലുള്ള ഒരാളുടെ കൺവെൻഷന് ഐ.സി.പി.എഫ് നേതാക്കൻമാർ പ്രസംഗിക്കാൻ പോകുന്നതിലൂടെ തെറ്റായ സന്ദേശമാണ് അവർ ലോകത്തിനു നൽകുന്നത്.

കെ.പിയുടെ കൺവെൻഷന് പ്രസംഗിക്കുന്ന ഐ.സി.പി.എഫ് നേതാക്കൻമാർമാർക്ക് കെ.പിയുടെ വഴിപിഴച്ച പോക്കിനെതിരെ പ്രസംഗിക്കാൻ ധൈര്യമുണ്ടെങ്കിൽ അതു ചെയ്യൂ. അതിനുള്ള ധൈര്യമില്ലെങ്കിൽ അവിടെ പോകരുത്. അല്ല, പോയേ മതിയാകൂ എന്നുണ്ടെങ്കിൽ ഐ.സി.പി.എഫിൽ നിന്ന് രാജി വച്ചിട്ട് എന്തും ആയിക്കൊള്ളൂ.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan